

www.malankaralibrary.com

# ബഥനിശബ്ദം



"അങ്ങ് എന്നെ
ലോകത്തിലേക്കയച്ചതുപോലെ
ഞാനും അവരെ
ലോകത്തിലേക്കയച്ചിരിക്കുന്നു"

(യോഹ 17:18)



*Fr. Libin Mathew Kurian OIC*
*Fr. Githin George OIC*
*Fr. Alen Thomas OIC*

**Ordination Special**
**2020**

www.malankaralibrary.com


# BETHANY SABDAM

**No. 118** **2020** **January**



**Editor**

Fr. Varghese Vijayanand OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Varghese Thykkoottathil OIC



**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Cover Design**

Fr. Libin Mathew Kurian OIC

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉൾത്താളുകളിൽ

**മുഖമൊഴി** 4
ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി

**അനുഗ്രഹിക്കാനും അനുഗ്രഹമാകാനും** 6
വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

**ബലഹീനതകളിൽ ബലമാർജ്ജിക്കുന്നവർ** 8
വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി

**വിളവറിഞ്ഞു വിളിക്കുന്ന ദൈവം:** 11
വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

**നന്ദി...**
ഫാ. ലിബിൻ മാത്യു കുര്യൻ ഒ.ഐ.സി. 15

**നിയോഗം പൂർത്തിക്കാൻ....** - ലിബിൻ അച്ചന്റെ മാതാപിതാക്കൾ 17

**ഏവർക്കും പ്രിയങ്കരനായ ലിബിനച്ചൻ** - ബ്രദർ ജയ്സൺ സൈമൺ ഒ.ഐ.സി. 19

**ദൈവത്തിന്റേതു മാത്രം...**
ഫാ. ജിതിൻ ജോർജ്ജ് ഒ.ഐ.സി. 22

**കർത്താവിന്റെ ആലയത്തിൽ വസിക്കാൻ...** - ജിതിൻ അച്ചന്റെ മാതാവ് 24

**ബഥനിയെ സ്വന്തമാക്കിയ ജിതിനച്ചൻ** – ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി. 26

**കൃതജ്ഞതയോടെ ...**
ഫാ. അലൻ തോമസ് ഒ.ഐ.സി. 28

**പെയ്തുതോരാത്ത സ്നേഹത്തിന് നന്ദി** – അലൻ അച്ചന്റെ മാതാപിതാക്കന്മാർ 30

**പ്രാർത്ഥനയും നർമ്മവും സ്വന്തമാക്കിയ അലൻ അച്ചൻ**
ബ്രദർ സുജോ കോശി ഒ.ഐ.സി. 32

**പൗരോഹിത്യത്തിന്റെ ആഗോളവത്കരണം** – ഫാ.ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. 34

**ക്രിസ്തു ഭരമേൽപ്പിച്ചത്** - ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. 40

**ജനതതികൾക്ക് അനുഗ്രഹമാകുവാൻ....** - ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി 50

**കാരുണ്യമാകാനുള്ള വിളി** – ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി. 52

**ബഥനി എത്യോപ്യയിൽ** - ഫാ. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി. 55

www.malankaralibrary.com

# മുഖമൊഴി

ഈ ലക്കം ബഥനി ശബ്ദം പൗരോഹിത്യ സ്വീകരണ സ്പെഷ്യൽ ആയി പ്രസിദ്ധീകരിക്കുകയാണ്. ബഥനിയിലെ പുരോഹിത ഗണത്തിലേക്ക് മൂന്ന് ശെമ്മാശന്മാർകൂടി തങ്ങളെ സമർപ്പിക്കുകയാണ്. ഇവരെടുക്കുന്ന മഹത്തായ തീരുമാനങ്ങളും നടത്തുന്ന വിശുദ്ധമായ സമർപ്പണവും ഏറ്റവും അനുഗ്രഹപ്രദമായി തീരട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

മോറിയ മലയിൽ ബലിയർപ്പിക്കാൻ വിളിക്കപ്പെട്ട അബ്രഹാമിൽ ഒരു പുരോഹിതഭാവം ദർശിയ്ക്കാം. ബലിയർപ്പകനായി വിളിക്കപ്പെട്ട ആ വ്യക്തിയുടെ ചിത്രം ഏറ്റവും മനോഹരമായ ഒന്നാണ്. തന്റെ ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ടതിനെ ചോദിക്കുന്ന ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്ന വിനയാന്വിതനായ മനുഷ്യൻ. പൗരോഹിത്യ സ്വീകരണത്തിനായി പ്രധാന കാർമ്മികന്റെ മുന്നിൽ മുട്ടുകൾ മടക്കുമ്പോൾ പ്രിയ ശെമ്മാശന്മാരുടെ മനസിൽ ഈ ചിത്രം തെളിഞ്ഞുവരട്ടെ.

ദൈവത്തിന്റെ മുമ്പിൽ മാത്രമല്ല നിങ്ങൾ മുട്ടുകുത്തുക. നിങ്ങൾക്കായി കണ്ണീരോടെ പ്രാർത്ഥിച്ച, പ്രാർത്ഥിക്കുന്ന ഒരു ജന സമൂഹത്തിന്റെ മുന്നിലും കൂടിയാണ്. അബ്രഹാത്തിൽ നിന്ന് ദൈവം ആഗ്രഹിച്ചതുപോലെ, ഈ ജനവും ചിലത് നിങ്ങളിൽ നിന്ന്, അതും ജീവിതത്തിലെ ഏറ്റം പ്രിയമായ അനുഭവങ്ങൾ പ്രതീക്ഷിക്കുന്നു. നാളെ മുതൽ ഈ ജനം നിങ്ങളെ കാണുമ്പോൾ അഭിവാദനം ചെയ്യുക "ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ" എന്നായിരിക്കും. എന്തുകൊണ്ടാണ് അങ്ങനെയൊരു അഭിവാദനം എന്ന് മനസിൽ കോറിയിടണം. കുഷ്ഠരോഗിയെ മാറോടണച്ച് സൗഖ്യപ്പെടുത്തുന്ന യേശുവിനെ നിങ്ങളിൽ കണ്ടുകൊണ്ട്, പാപിനിയെ ആശ്വസിപ്പിച്ച യേശുവിനെ കണ്ടുകൊണ്ട്, സക്കേവൂസിന്മേൽ  കടാക്ഷം നടത്തുന്നവനെ കണ്ടുകൊണ്ട്,

www.malankaralibrary.com

കാലിത്തൊഴുത്തിലെ ദാരിദ്ര്യം നടന്നു നീങ്ങിയപ്പോൾ ശിഷ്യന്മാരുമായി പങ്കുവച്ച വിജ്ഞാനത്തിളക്കവും, അനാചാരങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ പ്രതികരിക്കുന്ന ക്രിസ്തുവിനെ കണ്ടുകൊണ്ട് തന്റെ ആലയത്തെ അശുദ്ധമാക്കിയവരോട് ശൗര്യത്തോടെ പ്രതികരിക്കുന്ന ക്രിസ്തുവിനെ നിങ്ങളിൽ കണ്ടുകൊണ്ട്, മുഖചിത്രങ്ങളുടെ നിര തീരുന്നില്ല- പെസഹായിൽ അരയിൽ തൂവാലചുറ്റി ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന ക്രിസ്തുവിനെ, ക്രൂശിലെ വേദനിക്കുന്ന ക്രിസ്തുവിനെ, ഉയർപ്പിന്റെ പ്രഭാപൂരിതനായ ക്രിസ്തുവിനെ നിങ്ങളിൽ കണ്ടിട്ട് ജനം സ്തുതി ചൊല്ലുന്നത് അർത്ഥഗംഭീരമാണ്. ഈ ആചാരം ജനം മുകളിൽ കോറിയിട്ട പ്രിയങ്കരമായ അനുഭവങ്ങളെ നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നു.

സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: “നീതി നിമിത്തം ഞാൻ അങ്ങയുടെ മുഖം ദർശിക്കും. ഉണരുമ്പോൾ ഞാൻ അങ്ങയുടെ രൂപം കണ്ട് തൃപ്തിയടയും” (സങ്കീ 17:15). ഓരോ ദിവസവും നിങ്ങളുടെ പൗരോഹിത്യ പ്രഭാതങ്ങൾ ആരംഭിക്കുക ദൈവത്തിന്റെ മുഖരൂപം കണ്ട് തൃപ്തരായിക്കൊണ്ടായിരിക്കണം. “അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചില്ല. ലജ്ജിക്കപ്പെട്ടവരാകാനല്ല, നിങ്ങൾ വിളിക്കപ്പെട്ടത് - അനുഗ്രഹിക്കപ്പെട്ടവരാകാനാണ്. അനുഗ്രഹിക്കപ്പെട്ടവരായെങ്കിൽ മാത്രമേ നിങ്ങൾക്ക് മറ്റുള്ളവരെ അനുഗ്രഹിക്കാൻ കഴിയൂ.

നിങ്ങളുടെ ജീവിതത്തിലെ അനുഗ്രഹീത നിമിഷങ്ങളിൽ നിങ്ങൾ ഹൃദയത്തിൽ കുറിച്ചിടണം. വിമതരാകാനല്ല. ക്രിസ്തുവിനെപ്പോലെ വിമോചകരാകാനാണ്, ബലിപീഠത്തിന്റെയും സമൂഹത്തിന്റെയും മുൻപിൽ ഇപ്പോൾ നിങ്ങൾ നമ്രശിരസ്കരാകുന്നത്. ഇന്നുമുതൽ നിങ്ങൾ ഏകാന്തപഥികൾ അല്ല, പിന്നെയോ ക്രിസ്തുവിന്റെ സഹയാത്രികരാണ്. ലഭിച്ച വിളിക്ക് യോഗ്യമായ രീതിയിൽ ക്രിസ്തുവിനോടൊപ്പം യാത്ര ചെയ്യുവാൻ പരിശുദ്ധ റൂഹാ നിങ്ങളെ ശക്തിപ്പെടുത്തട്ടെ, സഹായിക്കട്ടെ. സഭയിൽ വൈദിക ഗണത്തിലേക്ക് ബഥനിയുടെ ശുശ്രൂഷാ രംഗത്തേക്ക് നിങ്ങൾക്ക് പ്രാർത്ഥനാപൂർവ്വമായ സ്വാഗതം.

സ്നേഹത്തോടെ,

**ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# അനുഗ്രഹിക്കാനും അനുഗ്രഹമാകാനും

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം**

ആർഷഭാരതത്തിലെ സന്യാസ ദർശനങ്ങൾക്ക് ക്രൈസ്തവ രൂപ ഭാവങ്ങൾ നൽകിയ ബഥനി ദൈവാനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കുന്ന നിമിഷങ്ങളാണിത്. നൂറ്റി ഒന്നിന്റെ നിറവിൽ ബഥനിക്ക് മൂന്നു വൈദിക സഹോദരങ്ങളെക്കൂടി ദൈവം തരുന്നു. ഈ നവവൈദികരെ ഓർത്ത് നമുക്ക് ദൈവത്തിന് നന്ദിപറയാം. അവർക്കുവേണ്ട പരിശുദ്ധാത്മ കൃപ കൾക്കായി ഒരു മനമായി നമുക്ക് പ്രാർത്ഥിക്കാം.

ഒരുവൻ പൗരോഹിത്യത്തിലേക്ക് വിളിക്കപ്പെടുന്നത് ക്രിസ്തുവിന്റെ ഉത്കൃഷ്ടതയിൽ ഭാഗഭാക്കാക്കുന്നതിനു വേണ്ടിയാണ്. ക്രിസ്തുവിന്റെ രൂപഭാവങ്ങൾ സ്വജീവിതത്തിലൂടെ പ്രാവർത്തികമാകുമ്പോഴാണ് ഒരുവൻ ക്രിസ്തുവിന്റെ ഉത്കൃഷ്ടതയിൽ ഭാഗഭാക്കാകുന്നത്. രക്ഷാകര കർമ്മത്തിൽ ദൈവമനുഷ്യ സമ്മേളനം സ്ഥിരീകരിക്കപ്പെടുന്നത് ക്രിസ്തുവിലാണ്. ക്രിസ്തുവിലുള്ള ഈ സ്ഥിതീകരണം ആധുനിക സമൂഹത്തിന് തന്റെ ജീവിതത്തിലൂടെ വൈദികൻ മനസിലാക്കി കൊടുക്കുന്നു. ബിഷപ്പ് ഫുൾട്ടൻ ജെ.ഷീനിന്റെ ജീവിതാനുഭവം ഇത്തരുണത്തിൽ ചിന്തോദ്ദീപമാണ്:

“മിഷനുകളിലേക്കുള്ള ഒരു സന്ദർശനാവസരത്തിൽ ഞാൻ ആഫ്രിക്കയിലെ ഒരു കുഷ്ഠരോഗ കോളനിയിലെത്തി. അവിടെ അഞ്ഞൂറു കുഷ്ഠരോഗികളുണ്ടായിരുന്നു. ഞാൻ അഞ്ഞൂറു വെള്ളി ക്രൂശിതരൂപങ്ങളും എടുത്തിരുന്നു. കർത്താവിന്റെ രക്ഷയുടെ ഈ അടയാളം ഓരോരുത്തർക്കും ഓരോന്നുവീതം നൽകുവാനായിരുന്നു. എന്നെ സന്ദർശിക്കുവാൻ വന്ന ആദ്യത്തെ ആളിന്റെ ഇടതു കൈ മുട്ടുവരെ കുഷ്ഠംമൂലം പഴുത്തു നഷ്ടപ്പെട്ടിരുന്നു. അയാൾ തന്റെ വലതു കരം നീട്ടി. അതു ചീഞ്ഞുനാറി പഴുത്തു വിങ്ങിയ ഒരു മാംസപിണ്ഡമായിരുന്നു. അത്ര ചീച്ചിൽ ഞാൻ അതിനുമുമ്പു കണ്ടിട്ടില്ല. ഞാൻ വെള്ളിക്കുരിശ് അതിനുമുകളിൽ പിടിച്ച് താഴേക്ക് ഇട്ടു. കുഷ്ഠത്തിന്റെ ആ അഗ്നിപർവ്വതം അതിനെ വിഴുങ്ങി.

www.malankaralibrary.com

പെട്ടെന്ന് ആ കേന്ദ്രത്തിൽ 501 കുഷ്ഠരോഗികളുണ്ടായിരുന്നു. അഞ്ഞൂറ്റി ഒന്നാമത്തവൻ ഞാനായിരുന്നു. കാരണം, മനുഷ്യനുമായുള്ള ദൈവത്തിന്റെ താദാത്മ്യപ്പെടലിന്റെ പ്രതീകം ഞാൻ കൈയിലേന്തിയിരുന്നെങ്കിലും ആന്തരികമായി എന്നെക്കാൾ ആയിരം മടങ്ങു നല്ലവനായ ഒരുവനുമായി താദാത്മ്യം പ്രാപിക്കുവാൻ ഞാൻ കൂട്ടാക്കിയില്ല. ഞാൻ ചെയ്ത കാര്യങ്ങളിലേക്കു ഞാൻ വിരലുകൾ പൂഴത്തി. കുരിശെടുത് അയാളുടെ കയ്യോടു ചേർത്തുവച്ചു. അപ്രകാരം 499 കുഷ്ഠരോഗികളുടെ കാര്യത്തിലും ചെയ്തു. ആ നിമിഷം മുതൽ ഞാൻ അവരെ സ്നേഹിക്കുവാൻ പഠിച്ചു."

ക്രിസ്തുവിനെപ്പോലെ ബലിയർപ്പിക്കാനും, ബലിയായിതീരാനും, അനുഗ്രഹിക്കുവാനും അനുഗ്രഹമായി തീരുവാനും മാത്രമല്ല, പാപിനിയുടെ കരങ്ങൾ പിടിച്ച് ശക്തിപ്പെടുത്താനും, കുഷ്ഠരോഗിയെ ചുംബിക്കുവാനും കൂടിയുള്ള ക്രിസ്തു മനോഭാവം വൈദിക ജീവിതത്തിൽ സംജാതമാകണം. വൈദിക ജീവിതത്തിലെ അപഭ്രംശങ്ങളുടെ കഥകൾ ഓരോ ദിവസവും നമ്മെ ഓർമ്മപ്പെടുത്തുന്നത് ക്രിസ്തുവിനെ ജീവിതത്തിലൂടെ പ്രതിബിംബിപ്പിക്കുന്ന പ്രകാശ സ്രോതസുകൾ ലോകത്തിന്, നമ്മുടെ സമൂഹത്തിന് ആവശ്യമാണെന്നാണ്.

ഇന്നത്തെ സമൂഹം ക്രിസ്തുവിനുവേണ്ടി ദാഹിക്കുന്ന സമൂഹമാണ്. അതിനാലാണ് ആദ്ധ്യാത്മിക കേന്ദ്രങ്ങൾ തേടി ജനം സഞ്ചരിക്കുന്നത്. ബഥനിയിലെ വൈദികർ ചില കർമ്മങ്ങൾ ചെയ്തു കഴിയുന്ന വെറും കർമ്മികൾ മാത്രമല്ല, ക്രിസ്താനുകരണ സന്യാസസമൂഹത്തിലെ ക്രിസ്തു കേന്ദ്രീകൃത ജീവിതം നയിക്കുന്ന പുരോഹിതൻ (മുൻപേ നടക്കുന്നവൻ) ദൈവത്തിനുവേണ്ടി ക്രിസ്തുവിനെപ്പോലെ ജനങ്ങളോടൊപ്പം കൂടെ നടക്കുന്നവൻ കൂടി ആയിരിക്കണം. ഇവിടെ ക്രിസ്തു ഓരോ വൈദികനും ജീവനും ജീവിതപ്രമാണവുമായി മാറണം.

അഭിഷിക്തരാകുന്ന വൈദികസഹോദരങ്ങളെ, ആത്മാർത്ഥമായി ഞാൻ അനുമോദിക്കുന്നു. അവരുടെ ജീവിതം അനുഗ്രഹിക്കാനും അനുഗ്രഹമാകാനും ഉള്ള വിളിയായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അവർക്ക് ജന്മം നൽകി അനുഗ്രഹിച്ച മാതാപിതാക്കളെയും വൈദിക ജീവിതത്തിലേക്ക് പരിശീലിപ്പിച്ച ഗുരുജനങ്ങളെയും ഒപ്പം നടന്ന് ശക്തിപ്പെടുത്തിയ എല്ലാ അഭ്യുദയകാംക്ഷികളെയും നന്ദിപൂർവ്വം ഓർക്കുന്നു. ■

www.malankaralibrary.com

# ബലഹീനതകളിൽ ബലമാർജ്ജിക്കുന്നവർ

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്**

ഒരു പുരോഹിതന്റെ സ്വത്വബോധം എന്താണ്? ഇതിനുത്തരം സമഗ്രമായി പ്രതിപാദിക്കാൻ ഒരു ഗ്രന്ഥം തന്നെ വേണ്ടി വരും. കാരണം അത്രയും സമ്പന്നവും സമഗ്രവുമാണത്. അതിന് പല അടരുകൾ ഉണ്ട്. എന്നാൽ അതിൽ വളരെ ഹൃദയസ്പർശിയായ ഒരു തലം, ഒരു സാധാരണമനുഷ്യന്റെ ബലഹീനതകൾ നിലനിൽക്കത്തന്നെ, അവനെ പൗരോഹിത്യത്തിന്റെ ബലം ധരിപ്പിക്കുന്ന ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹവും, കരുണയുമാണ്.

അന്ത്യഅത്താഴവേളയിൽ വി.കുർബ്ബാന സ്ഥാപിച്ചപ്പോൾ അപ്പമെടുത്ത് മുറിച്ച് ഈശോ തന്റെ ശിഷ്യന്മാർക്ക് കൊടുത്തിട്ടു പറഞ്ഞു: “ഇത് എന്റെ ശരീരമാകുന്നു” (മർക്കോസ് 14/22) പാനപാത്രം ഉയർത്തിയിട്ട് പറഞ്ഞു: “ഇത് എന്റെ രക്തമാകുന്നു” (മർക്കോസ് 14/24). അന്ത്യഅത്താഴമേശയിൽ വച്ച് ഈ ബലിയുടെ ഓർമ്മ തന്റെ രണ്ടാം വരവിന്റെ വേളയാകും വരെ നിലനിർത്തുവാൻ ഉള്ള ജീവിതനിയോഗം ശിഷ്യഗണത്തിന് നല്കി. അത് ഒരു പുതിയ പൗരോഹിത്യം സ്ഥാപിക്കുക കൂടിയായിരുന്നു. ക്രിസ്തുവിന്റെ നിത്യ പൗരോഹിത്യത്തിൽ പങ്കുചേർന്ന എല്ലാ ക്രിസ്തുശിഷ്യരും യേശുവിന്റെ ബലിയുടെ ഓർമ്മ അനുഷ്ഠിക്കുവാൻ അങ്ങനെ നിയോഗിതരായി. എന്നാൽ തന്റെ ഓർമ്മയെ സ്ഥാപിച്ച അന്ത്യഅത്താഴമേശ മറ്റ് രണ്ട് ഓർമ്മപ്പെടുത്തലുകൾക്ക് കൂടി സാക്ഷ്യം വഹിക്കുന്നുണ്ട്.

ഒന്നാമത്തേത്, യേശു ഓർമ്മിപ്പിക്കുന്നു, “നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കും” (മർക്കോ 14/18) രണ്ടാമത്തേത്, പത്രോസ് “മൂന്നുപ്രാവശ്യം എന്നെ തള്ളിപ്പറയും” (മർക്കോസ് 14 /30.)

ഇങ്ങനെ ഒരു തള്ളിപ്പറയലിന്റെയും, ഒറ്റുകൊടുക്കലിന്റെയും ഓർമ്മപ്പെടുത്തലുകളുടെ മധ്യത്തിലാണ് യേശു തന്റെ സ്നേഹത്തിന്റെ ഓർമ്മയ്ക്കായി വി.കുർബ്ബാന സ്ഥാപിച്ചത്. ഇത് ഒരു പുരോഹിത ജന്മത്തിന്റെ നേർക്കാഴ്ച കൂടിയാണ്. ഒറ്റുകൊടുക്കലും, തള്ളിപ്പറയലും –

www.malankaralibrary.com

രണ്ട് മാനുഷിക ബലഹീനതകളാണ്. ഒരിക്കലെങ്കിലും, യേശുവിനെ, യേശുവിന്റെ സുവിശേഷമൂല്യങ്ങളെ, സ്നേഹിതരെ, നിലപാടുകളെ ഒറ്റുകൊടുക്കാത്തവരും, തള്ളിപ്പറയാത്തവരും കാണുമോ? ഈ മാനുഷിക ബലഹീനതകളുടെ നടുവിലാണ് യേശു തന്റെ ഓർമ്മയ്ക്കായി സ്നേഹത്തിന്റെ ബലി സ്ഥാപിച്ചതും അതു തുടർന്നുകൊണ്ടുപോകുവാൻ പുരോഹിതരെ നിയോഗിച്ചതും. ഇതാണ് പൗരോഹിത്യത്തിന്റെ ആത്മാവ്. സ്വന്തം ബലഹീനതകളെക്കുറിച്ച് ഉത്തമബോധ്യമുള്ളപ്പോഴും, സ്നേഹത്തിന്റെ ബലിയുടെ കാർമ്മികനാവുക. ഈ സംഘർഷത്തിന്റെ ജ്വാലയിൽ പൊള്ളുന്നതാണ് ഓരോ പുരോഹിതന്റെയും സ്വത്വബോധം.

നാം ഓർക്കണം, അടുത്തദിവസം വെള്ളിയാഴ്ച കാൽവരി മലയിൽ യേശുവിന്റെ കുരിശ് നാട്ടപ്പെട്ടത് രണ്ട് കള്ളന്മാരുടെ കുരിശുകൾക്ക് നടുവിലാണ്. തലേദിവസം അന്ത്യഅത്താഴവേളയിലെ ഓർമ്മപ്പെടുത്തലിന്റെ തനിയാവർത്തനം. ഈ രണ്ട് കള്ളന്മാർ ബലഹീനരായ മനുഷ്യരുടെ പ്രതീകങ്ങളാണ്. യേശുവിന്റെ സ്നേഹം ഇറങ്ങിവന്നത് ഈ ബലഹീനതകൾക്ക് നടുവിലേക്കാണ്. ഈ സ്നേഹത്തെ ദിനം പ്രതി ബലിപീഠത്തിൽ ആഘോഷിക്കുവാൻ നിയോഗിതനാവുന്ന പുരോഹിതന്റെ ഉള്ളം പൊള്ളുന്നത് സ്വന്തം ബലഹീനതകളെക്കുറിച്ചുള്ള തിരിച്ചറിവിലും, അവന്റെ ഉള്ളം കുളിരണിയുന്നത് എന്നിട്ടും അവനെ ചേർത്ത് നിർത്തുന്ന യേശുവിന്റെ സ്നേഹത്തിലുമാണ്. വൈരുദ്ധ്യാത്മകം എന്ന് വിശേഷിപ്പിക്കാവുന്ന ഈ സ്വത്വബോധമാണ് അവന്റെ ആത്മസമ്പത്ത്. അതുകൊണ്ട് പൗലോസ് ശ്ലീഹാ പറയുന്നു, "എനിക്ക് പ്രശംസിക്കണം എന്നുണ്ടെങ്കിൽ എന്റെ ബലഹീനതകളെക്കുറിച്ചായിരിക്കും ഞാൻ പ്രശംസിക്കുക" (2 കോറി 11/30) "ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവ്വാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ച് പ്രശംസിക്കും" (2 കോറി. 12/9). നവാഭിഷിക്തരായിരിക്കുന്ന ബഥനിയിലെ നവവൈദികരോട് എനിക്ക് പറയാനുള്ളത് ഈ സ്വത്വബോധം നിങ്ങളുടെ ഹൃദയങ്ങളെ മരണം വരെ തപിപ്പിക്കട്ടെ. നിങ്ങളുടെ പൗരോഹിത്യം എളിമയുടെയും എളിമപ്പെട്ടവന്റെയും ആഘോഷമാകട്ടെ.

"ഒരു സ്തോത്രഗീതം ആലപിച്ചതിനുശേഷം അവൻ ഒലിവുമലയിലേക്ക് പോയി" (മത്തായി 26/30, മർക്കോസ് 14/26, ലൂക്ക 22/39) വി.ബലി സ്ഥാപിച്ചതിനുശേഷം യേശു ശിഷ്യന്മാരെ നയിക്കുന്നത് ഒലിവു

www.malankaralibrary.com

മലയിലെ, ഗത്സമേനിയുടെ ഭൂമികയിലേക്കാണ്. ഇത് പ്രകൃതിയിലേക്കും രക്തം വിയർക്കുന്ന ഇടമായ ഗത്സമേനിയിലേക്കുമുള്ള യാത്രയാണ്. അൾത്താരയിൽ ബലിയർപ്പിച്ച് കാലായാപനം കഴിക്കുന്നവരല്ല ക്രിസ്തുവിന്റെ പുരോഹിതന്മാർ. ബലിവേദിയിലെ ക്രിസ്താനുഭവത്തെ, സ്നേഹത്തെ, പ്രകൃതിയിലേക്കും, സഹനത്തിന്റെ

ഇടങ്ങളിലേക്കും ഇറക്കിക്കൊണ്ട് വരേണ്ടവരാണവർ. അൾത്താരയിലെ ബലി, ജീവിതത്തിന്റെ അനുഭവമാക്കി, പോകുന്ന ഇടങ്ങളിലും, കണ്ടുമുട്ടുന്ന ഹൃദയങ്ങളിലും, ചെന്നു കയറുന്ന ഭവനങ്ങളിലും ഒക്കെ പരാവർത്തനം ചെയ്തെടുക്കുവാൻ നിയോഗിതനാണ് പുരോഹിതൻ. ദിവ്യരഹസ്യങ്ങളുടെ കാർമ്മികർ എന്ന് മാത്രം മനസ്സിലാക്കി, പൗരോഹിത്യത്തെ കർമ്മാനുഷ്ഠാനങ്ങളുടെ തടവറയിലാക്കി കാലം കഴിക്കേണ്ടവരല്ല ക്രിസ്തുവിന്റെ പുരോഹിതർ. അവർക്ക് ദേവാലയത്തിലെ ബലിപീഠം കണക്ക് ജീവിതം കൊണ്ട്, തങ്ങളുടെ തൊഴിലിടം കൊണ്ട്, ഭവനങ്ങൾ കൊണ്ട്, അൾത്താരയൊരുക്കി കാത്തിരിക്കുന്ന ഒരു ജനം തങ്ങൾക്കായി കാത്തിരിക്കുന്നു എന്ന അവബോധം ഉണ്ടാകണം. മാത്രമല്ല പ്രകൃതിയിലേക്കുപോലും ബലിയുടെയും, പൗരോഹിത്യത്തിന്റെയും, സ്നേഹം ചൂഴ്ന്നുനിൽക്കുന്ന ആത്മീയതയെ എത്തിക്കുവാൻ കഴിയണം. ചൂഷണം ചെയ്യപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രകൃതിയെ, അൾത്താരയിലെ പവിത്രമായ സ്നേഹം കൊണ്ട് തന്നെ സംരക്ഷിക്കുവാൻ കടപ്പെട്ടവരാകുന്നു ഇന്നിന്റെ പുരോഹിതർ. “ഒരു സ്തോത്രയാഗം ആലപിച്ചതിനുശേഷം അവർ ഒലിവുമലയിലേക്കു പോയി” എന്ന വി.കുർബ്ബാന സ്ഥാപനത്തിന്റെ മംഗളപദം, പ്രകൃതി സംരക്ഷണത്തിനായുള്ള ഒരു ദിശാസൂചികയായി ഇന്നിന്റെ പുരോഹിതർക്ക് കാണുവാൻ കഴിയണം. ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന ഇടവകകളിലും, സ്ഥാപനങ്ങളിലും, മിഷനുകളിലും ചുറ്റുമുള്ള പ്രകൃതിയെ പച്ചപ്പണിയിക്കുന്ന സ്നേഹവും, കണ്ടുമുട്ടുന്ന ആവാസവ്യവസ്ഥിതികളെയെല്ലാം സംരക്ഷിക്കുന്ന കാവൽക്കാരുമായി തീരുവാൻ ഈ നവവൈദികർക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

ഇവരെ വളർത്തി വലുതാക്കിയ മാതാപിതാക്കൾക്കും പ്രിയപ്പെട്ടവർക്കും അങ്ങനെ വി.കുർബ്ബാനയുടെ ആത്മീയലാവണ്യം ആവോളം ഇവരുടെ പൗരോഹിത്യശുശ്രൂഷയുടെ ഫലമായി നുകരുവാൻ കഴിയട്ടെ എന്നാശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

■

www.malankaralibrary.com

# വിളവറിഞ്ഞു വിളിക്കുന്ന ദൈവം: സന്യാസ പൗരോഹിത്യ ഗണത്തി ലേക്ക് ബഥനിയുടെ ത്രിമൂർത്തികൾ

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ്**

ബഥനിയുടെ ശതാബ്ദി ആചാരങ്ങളുടെ പരിസമാപ്തിയിൽ പുതു നൂറ്റാണ്ടിന്റെ പ്രതീക്ഷകളിലേക്കു യാത്ര തുടങ്ങുന്ന ബഥനിക്ക് മൂന്നു സന്യാസ വൈദികരെക്കൂടി ദൈവം കരുണയോടെ പ്രദാനം ചെയ്തിരിക്കുന്നു. "വിളവ് അധികം വേലക്കാരോ ചുരുക്കം, തന്റെ വിളഭൂമിയിലേക്ക് വേലക്കാരേ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ" (വി. ലൂക്കാ 10: 2; വി. മത്തായി 9: 37-38). ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായ ജനത്തെക്കണ്ട് അവരുടെ മേൽ അനുകമ്പ തോന്നിയ യേശുനാഥൻ തന്റെ ശിഷ്യരോട് ആവശ്യപ്പെടുന്ന പ്രാർത്ഥനാനിയോഗമാണിത്. വിശ്വാസവും വിശ്വാസമൂല്യങ്ങളും അവ പ്രതിനിധാനം ചെയ്യുന്ന അടയാളങ്ങളും അസാധാരണമാം വിധം വെല്ലുവിളികളെ നേരിടുന്ന ഈ കാലഘട്ടത്തിൽ, ആടുകളുടെ ഗന്ധമുള്ള, ആടുകളെ അറിയുന്ന, ആഴമായ അറിവും തിരിച്ചറിവും ബോധ്യങ്ങളും ജീവിത വിശുദ്ധിയുള്ള ഇടയന്മാർക്കായുള്ള പ്രാർത്ഥനയ്ക്ക് മറ്റേതൊരു കാലഘട്ടത്തേക്കാളുമപ്പുറം തീവ്രതയുണ്ടാകണം.

**2019-ലെ നവാഭിഷിക്തർ**

ഇത് സമ്പൂർണ്ണ സമർപ്പണത്തിന്റെ സമയം... നിറഞ്ഞ സന്തോഷത്തിന്റെ സമയം... നന്ദി കരേറ്റപ്പെടുന്ന സമയം... പ്രതീക്ഷ നൽകുന്ന സമയം... വിളിച്ചവൻ

വിശ്വസ്തനെന്ന് പ്രഘോഷിക്കുവാൻ, സന്യാസവും പൗരോഹിത്യവും സമന്വയിക്കുന്ന മൂന്നു സാക്ഷ്യങ്ങൾ കൂടി ബഥനിക്കും ബഥനിയിലൂടെ മലങ്കരസഭയ്ക്കും ലഭിക്കുന്നു. ആധുനിക കാലഘട്ടത്തിൽ, സഭയുടെ നവസുവിശേഷവൽക്കരണ ശുശ്രൂഷകളിലേക്ക് കൈ പിടിച്ചുയർത്തി, അഭിഷിക്തരാകുന്ന ബഥനിയുടെ ജിതിൻ ജോർജ്ജ് അച്ചനും ലിബിൻ മാത്യു കുര്യനച്ചനും അലൻ തോമസച്ചനും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

www.malankaralibrary.com

## സമർപ്പിതൻ ദൈവത്തിനു സ്വന്തം

പരസ്യജീവിതാവസാനം കുരിശു മരണത്തിനു മുമ്പായി, അന്ത്യത്താഴവേളയിൽ, ശ്ലീഹന്മാരോട് തന്റെ യാത്രാമൊഴി പങ്കുവച്ച് ഗുരു ഇപ്രകാരം ഓർമ്മിപ്പിച്ചു, "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (വി. യോഹന്നാൻ 15: 16). ശിഷ്യനുള്ള ദിവ്യ സന്ദേശമാണിത്; ആജീവനാന്തം നിധി പോലെ കാത്തു സൂക്ഷിക്കുകയും അനുദിനം പുനഃപ്രതിഷ്ഠിക്കുകയും ചെയ്യേണ്ട ജീവിതമന്ത്രം. തിരഞ്ഞെടുത്തവന്റെ യാത്രാമൊഴി ഓരോ വൈദികനും സന്യസ്തനുള്ള ഓർമ്മപ്പെടുത്തലാണ്. വിളിച്ചത് താനാണെന്നും വിളികേട്ടവൻ വിളിച്ചവനു സ്വന്തമെന്നുള്ള ഓർമ്മപ്പെടുത്തൽ. വിളിച്ചവന്റെ വിശുദ്ധിയിലേക്കുള്ള ക്ഷണമാണിത്. വിശുദ്ധിയിൽ ജീവിച്ചവരുടെ ഗണത്തിലേക്കുള്ള ഗുരുവിന്റെ ക്ഷണം.

"തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും" (വി. മർക്കോസ് 3: 14) അവൻ തനിക്കിഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. തന്റെ ജനത്തെ ദൈവികജീവനിൽ വളർത്തുന്നതിൽ സഹകരിക്കുക വഴി ഓരോ വൈദികനും ദൈവമഹത്വം വർധിപ്പിക്കുകയാണ് ചെയ്യുന്നത്. 'നമുക്ക് ജീവിക്കാനായി നൽകപ്പെട്ട കൃപാപൂർണ്ണമായ സമയത്തെക്കുറിച്ചു ചിന്തിക്കാൻ' ദൈവം നമുക്ക് നൽകുന്ന അനുഗ്രഹിക്കപ്പെട്ട നിമിഷങ്ങളാണിത് (Cf. ഫ്രാൻസിസ് മാർപാപ്പ, *സന്തോഷിക്കുവിൻ*, സമർപ്പിതർക്കുള്ള എഴുത്ത്, 1). ശുശ്രൂഷവഴിയും ജീവിതംവഴിയും സന്യാസം

മുന്നോട്ടു വയ്ക്കുന്ന സമ്പൂർണ്ണ പരിത്യാഗം വഴിയും പിതാവായ ദൈവത്തിന്റെ മഹത്വം വർധിപ്പിക്കുകയാണ് ഓരോ സന്യാസ വൈദികന്റെയും ജീവിത ലക്ഷ്യം. ചുരുക്കത്തിൽ, എല്ലാം ഉപേക്ഷിച്ചവൻ വിളിച്ചവന് സ്വന്തമാണ്. വിളികേട്ട് യാത്ര തുടങ്ങിയവർക്ക് വിളിച്ചവൻ സഹയാത്രികനാണ്.

## സമർപ്പിതന്റെ പ്രേഷിതദൗത്യം

പരിശുദ്ധാത്മാവാണ് ഒരു വ്യക്തിയിൽ ദൈവവിളിയുടെ ആഗ്രഹങ്ങളും പ്രേരണകളും ഉണർത്തുന്നത്. ഈ വിളിക്ക് ഉത്തരം നൽകുന്നതിലൂടെ, ഒരു ദൗത്യ നിർവ്വഹണത്തിന് നാം നമ്മെത്തന്നെ പൂർണ്ണ മനസ്സോടും പൂർണ്ണ സമ്മതത്തോടും സ്വയം വിട്ടു നൽകുകയാണ്. ഈ ദൗത്യം, അവനോടൊപ്പം, അവനു വേണ്ടി ജീവിതാന്ത്യത്തോളം തുടരേണ്ട ഒരു യാത്രക്കുള്ള ആഹ്വാനമാണ്. കണ്ടെത്താനും സ്വന്തമാക്കാനും സ്വന്തമാക്കിയ ജ്ഞാനത്തെ പങ്കുവയ്ക്കാനും പഠിപ്പിക്കാനും ഉൾവിളി കണ്ടെത്തുന്നവരെ ജ്ഞാന സ്നാനപ്പെടുത്താനുമുള്ള ഒരു ദൗത്യ നിർവ്വഹണമാണിത്.

www.malankaralibrary.com

ഭക്തി മാർഗ്ഗത്തിലടിയുറച്ച്, ജ്ഞാനമാർഗത്താൽ വെളിപാടു ലഭിച്ച, ഗുരുവിനോടു ചേർന്നുള്ള കർമ്മ മാർഗ്ഗം.

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (വി. മത്തായി 28: 19–20). തന്റെ വിളിയാൽ ഓരോ വൈദികനും ഈ ലോകത്തിൽ മനുഷ്യരോടൊപ്പം ജീവിക്കാനും നല്ല അജപാലകരെപ്പോലെ ദൈവജനത്തെ അറിയാനും ഈ തൊഴുത്തിൽപ്പെടാത്ത ആടുകളെയും അന്വേഷിച്ചു തിരികെ കൊണ്ടുവരാനും കടപ്പെട്ടിരിക്കുന്നു.

കൂദാശയുടെ പരികർമ്മികൾ എന്ന നിലയിൽ, പ്രത്യേകിച്ച് കൂദാശകളുടെ കൂദാശ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പരിശുദ്ധ കുർബാനയുടെ ശുശ്രൂഷകരെന്ന നിലയിൽ, വൈദികർ മനുഷ്യരെ വിശുദ്ധീകരിക്കാനായി തന്നെത്തന്നെ ബലിവസ്തുവായി സമർപ്പിച്ച മിശിഹായെ പ്രതിനിധാനം ചെയ്യുന്നു. ഇത് ഒരു വലിയ സമർപ്പണം ആവശ്യപ്പെടുന്നുണ്ട്. സ്വയം ബലിയായിത്തീരാനും മുറിച്ചു നൽകാനുമുള്ള സമർപ്പണമാണിത്. പ്രേഷിതദൗത്യത്തിന്റെ ജീവനാടിയാണ് സ്വയം മുറിച്ചു നൽകിക്കൊണ്ടുള്ള ഈ പങ്കുവയ്ക്കൽ. പുത്രൻ തമ്പുരാൻ ഉദ്ഘോഷിച്ചതും തിരുവചനത്തിൽ എഴുതപ്പെട്ടതുമായ പുതിയ ഉടമ്പടി, മുറിച്ചു നൽകപ്പെടുന്ന സമർപ്പിതന്റെ മാതൃകയാണ്.

**കരുണയോടെ പരിരക്ഷിക്കേണ്ട സന്യസവൈദികശുശ്രൂഷ**

ഓരോ വിളിയും ദൈവദാനമാണ്, ദൈവത്തിന്റെ കരുണയാണ്. തന്റെ ജനത്തോടുള്ള കരുണയുടെ ഫലമാണിത്. ഓരോ നിമിഷവും കൂടുതൽ സൂക്ഷമതയോടും ക്ഷമയോടും ശുശ്രൂഷിക്കേണ്ടപ്പെടേണ്ടതാണ് ഓരോ ദൈവവിളിയും. അനുദിനം സംരക്ഷിക്കപ്പെടേണ്ടതും പരിപോഷിപ്പിക്കപ്പെടേണ്ടതുമാണിത്. പ്രാർത്ഥനയും ധ്യാനവും തിരുവചന വായനയും അനുഷ്ഠാന ജീവിതവും കൗദാശിക ജീവിതക്രമവും ഓരോ ദൈവവിളിയെയും കരുത്തുറ്റതാക്കുന്ന ദിവ്യനിധികളാണ്. സമർപ്പിത ജീവിതവിളിക്ക് മുൻകൈയെടുത്ത ദൈവം, തന്നെ പിൻചെന്നവർക്കും സഭയ്ക്കും സമൂഹത്തിനും ദാനമായി നൽകുന്ന, തന്റെ കരുണയുടെ ജീവിക്കുന്ന അടയാളമാണ് ഓരോ പുരോഹിതനും ഓരോ സന്യസ്തനും (Cf. വി. മത്തായി 9: 35–38). സുവിശേഷമൂല്യങ്ങളിൽ മിശിഹായെ അനുഗമിക്കുകയെന്ന ആത്യന്തിക ലക്ഷ്യത്തിന്റെ കാവൽക്കാരനായി വ്രതത്രയങ്ങളുടെ അനുഷ്ഠാനത്തിലൂടെ ജീവിക്കാൻ തയ്യാറാകുന്ന ഒരു വ്യക്തിയെ അൾത്താരയിലെ ബലിയർപ്പണത്തിനായി ദൈവം വിളിക്കുമ്പോൾ, ഈ സമർ

www.malankaralibrary.com

പ്പണ ജീവിതത്തിലൂടെ സന്യാസത്തിന്റെയും പൗരോഹിത്യത്തിന്റെയും ധർമ്മം ബലിപീഠത്തിൽ കൂടുതൽ മഹത്തരമായി പ്രഘോഷിക്കപ്പെടുകയാണ്. പാവനമായ അൾത്താരയിലേക്ക്, മാലാഖമാർ പോലും പ്രവേശിക്കാൻ ഭയപ്പെടുന്ന ഇടങ്ങളിലേക്ക് ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനെ കൈപിടിച്ച് കയറ്റുന്ന അനുഗ്രഹിക്കപ്പെട്ട മുഹൂർത്തമാണിത്. പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും കൂദാശകളുടെയും ദൈവീകമെന്നു കരുതുന്ന എല്ലാറ്റിന്റെയും  ധർമ്മവും കർമ്മവും മനസ്സിലാക്കാതെയും മനസ്സിലാക്കപ്പെടാതെയും തിരിച്ചറിയപ്പെടാതെയും പോകുന്ന ഒരു കാലഘട്ടത്തിലാണ് ഈ മൂന്നു യുവസന്യാസ വൈദികർ അൾത്താരയിലേക്ക് ഉയർത്തപ്പെടുന്നത് എന്നുള്ളത്, വിളവറിഞ്ഞു വേലക്കാരെ വിളിക്കുന്ന വലിയവന്റെ, ജനത്തോടുള്ള കരുണയാണെന്നു തിരിച്ചറിഞ്ഞു നന്ദി കരേറ്റാം.

**ഉപസംഹാരം**

വിവിധ ജീവിത പന്ഥാവുകളിലേക്കുള്ള വിളി, ദൈവത്തോട് ചേർന്ന് ജീവിതത്തിലെ വിവിധ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള വിളിയാണ്.  ഓരോരുവന്റെയും ജീവിത പദ്ധതിയും അതിനോടുള്ള സമീപനവും ഈ വിളിക്കുള്ള ഉത്തരമാണ്.  ബഥനിയുടെ പുതുനൂറ്റാണ്ടിൽ ഈ സമൂഹത്തിൽ സന്യാസവൈദികരായി അഭിഷേകം ചെയ്യപ്പെടുന്ന ബഹു. ഫാ. ജിതിൻ ജോർജ്, ഫാ. ലിബിൻ മാത്യു കുര്യൻ, ഫാ. അലൻ തോമസ് എന്നീ  മൂന്ന് സഹോദരങ്ങളെയും ഹൃദയം നിറഞ്ഞ് അഭിനന്ദിക്കുന്നു. പ്രാർത്ഥനകൾ ഉറപ്പുനൽകുന്നു.

തമ്പുരാന്റെ മുമ്പിൽ സ്വമനസ്സോടെ ഏറ്റെടുക്കുന്ന വലിയ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള വ്യക്തത അനുദിനം കൂടുതൽ കൂടുതലായി വ്യക്തമാക്കിത്തരേണമേ, തെളിവാക്കിത്തരേണമേ എന്ന് നമുക്കൊന്നുചേർന്നു പ്രാർത്ഥിക്കാം. ബഥനിക്കും മലങ്കരസഭക്കും കരുത്താകാനും കത്തോലിക്ക സഭയുടെ സുവിശേഷവൽക്കരണ കർമ്മങ്ങളിൽ സ്ഥല-കാല ഭേദമെന്യേ സാക്ഷ്യമാകാനും സർവ്വശക്തൻ അനുഗ്രഹം തരട്ടെ. എന്നെ ഞാനാക്കിയ ദൈവം, അനേകരിലൂടെ എന്നെ വളർത്തി അൾത്താരയോളം എത്തിച്ചുവെന്നു മറക്കാതിരിക്കാം. ദൈവഭക്തിയിൽ നിങ്ങളെ വളർത്തി വലുതാക്കിയ മാതാപിതാക്കൾക്കും ഉദരം പങ്കിട്ട് നിങ്ങളോടൊപ്പം ആയിരുന്ന സഹോദരങ്ങൾക്കും അക്ഷരലോകം തുറന്നുതന്ന ഗുരുഭൂതർക്കും ബന്ധുജനങ്ങൾക്കും സൗഹൃദസംരക്ഷണത്തിൽ സഹചാരികളായിട്ടുള്ളവർക്കും ബഥനിയുടെ പ്രണാമം. “വിളവ് അധികം വേലക്കാരോ ചുരുക്കം തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ” (വി. ലൂക്കാ 10: 2; വി. മത്തായി 9: 37-38). ■

www.malankaralibrary.com

# നന്ദി...

**ഫാ. ലിബിൻ മാത്യു കുര്യൻ ഒ.ഐ.സി.**



"എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം അങ്ങയുടെ നിയമം എന്റെ ഹൃദയത്തിലുണ്ട് (സങ്കീ 40:8). വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ നന്ദിയാൽ നിറഞ്ഞ മനസ് മാത്രമേ ഉള്ളൂ. അവിടുത്തെ ഹിതം നിറവേറ്റാൻ വേണ്ടി അതിൽ സന്തോഷം അനുഭവിക്കുവാൻ, അവിടുന്ന് വിളിച്ച ഈ വിളിക്ക് പകരം നല്കുവാൻ ഈ നന്ദി നിറഞ്ഞ ഹൃദയവും ജീവിതവും. മനുഷ്യനായി ലോകത്തിലേക്ക് വന്ന ക്രിസ്തു അവന്റെ ജീവിതം ഈ ലോകത്തിൽ കാണിച്ചു തന്നത് മനുഷ്യത്വത്തിന്റെ ആൾ രൂപമാണ്. മനുഷ്യനോടൊപ്പം ആയിരുന്ന എളിയവനായ അവനിലൂടെ നാം ദർശിക്കുന്നത് ദൈവത്തെയാണ്. "മനുഷ്യനാകൂ... ക്രിസ്തുവാകൂ.... ഈ ഒരു ജീവിതത്തിലേക്ക് ആണ് അവൻ വിളിച്ചു ചേർത്തിരിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. അതാണ് അവിടുത്തെ ഹിതം എന്ന് തിരിച്ചറിയുന്നു. അതിൽ ആനന്ദിക്കുന്നു.

ഈ ജീവിതം ദൈവം നൽകിയ അമൂല്യ നിധി തേടിയുള്ള ഒരു യാത്രയാണ്. ബലഹീനമായ ഈ ജീവിതത്തിൽ ആ വലിയ നിധി സ്വീകരിക്കുവാൻ വേണ്ടി എന്നെ തന്നെ ഞാൻ ഒരുക്കുന്ന കാലഘട്ടം. നീണ്ട 12 വർഷത്തെ പരിശീലനം പൂർത്തിയാക്കി ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് മനസ്സിലാക്കി ആ ലക്ഷ്യത്തെ പുൽകുവാൻ എന്നെ തന്നെ ഞാൻ സമർപ്പിക്കുന്നു.

ആ ജീവിതത്തിൽ അവന്റെ നിയമങ്ങളെ അനുസരിച്ച് ജീവിക്കുവാനും അവന്റെ നിയമങ്ങളെയും ജീവിതത്തെയും പിന്തുടരുവാനും എളിയവനും ബലഹീനമായ ഞാൻ എന്നെ വിട്ടു കൊടുക്കുന്നു.

ദൈവത്തിന്റെ അനന്തമായ കരുതലും വാത്സല്യവും അനുഗ്രഹവും ഒന്നുമാത്രം അല്ലാതെ മറ്റൊന്നും ഇല്ല. തന്റെ ജനത്തോടു

www.malankaralibrary.com

ചേർന്നു നിന്നുകൊണ്ട് തന്നെ കാണിച്ചു കൊടുക്കുവാൻ അവിടുന്ന് എന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. ഈ തിരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിലേക്ക് അവിടുന്ന് വിളിച്ച് ആ വിളിക്ക് ഉത്തരം നൽകാൻ മൺപാത്രത്തിലെ നിധിപോലെ ആ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു.

അവിടുത്തെ നിയമം പാലിച്ചു ജീവിക്കാൻ, എന്നെതന്നെ ഒരുക്കാൻ ജീവിതയാത്രയിൽ ഒപ്പം ആയിരിക്കുന്നവർ ഒരുപാടു പേരാണ്. കൈകൾ ഉയർത്തി പ്രാർത്ഥിച്ചവർ ധാരാളമുണ്ട്. സ്നേഹവും വാത്സല്യവും തന്ന് പരിപാലിച്ചവർ അനേകരുണ്ട്. ഇനിയുള്ള ജീവിതത്തിൽ ദിവസവും അർപ്പിക്കപ്പെടുന്ന ബലിയിൽ നിറഞ്ഞ മനസോടെ ഓർക്കേണ്ട ഒരുപാട് മുഖങ്ങൾ ഉണ്ട്.

ജന്മം നല്കി വളർത്തിയ മാതാപിതാക്കൾ, സഹോദരസ്നേഹത്തിന്റെ ആൾരൂപം എന്റെ കൂടെ പിറപ്പ്. സ്നേഹവും തലോടലും തന്ന് കൂടെ ആയിരിക്കുന്ന എല്ലാ ബന്ധുമിത്രാദികളും, പ്രത്യേകിച്ച് മണിപറമ്പിൽ, നരുവഞ്ചിയിൽ കുടുംബത്തിലെ എല്ലാവരും. അക്ഷരം പകർന്നുതന്ന്, വെളിച്ചത്തിലേക്ക് നയിച്ച ഗുരുക്കന്മാർ, ഇണക്കവും, പിണക്കവും സ്നേഹവുമായി കൂടെ നിന്ന സുഹൃത്തുക്കൾ, വിശ്വാസത്തിൽ വളരാനും, ജീവിക്കാനും സഹായിച്ച ഇടവക വികാരിമാർ, സ്നേഹം നിറഞ്ഞ ഇടവക ജനങ്ങൾ, ആശ്രമത്തിൽ ചേർന്നതു മുതൽ ഈ നിമിഷം വരെയും കൂടെയായിരുന്ന, വഴി നടത്തിയ ഗുരുക്കന്മാർ, ആദ്ധ്യാത്മിക ഗുരുക്കന്മാർ, മറ്റ് സന്യാസ വൈദിക ശ്രേഷ്ഠർ, സഹോദരന്മാർ, പ്രാർത്ഥനയോടെ കൂടെ ഒപ്പം ആയിരിക്കുന്ന ബഹു. സിസ്റ്റേഴ്സ്, എന്നെ ഞാനാക്കി മാറ്റിയ എന്റെ ബഥനി ആശ്രമം... ഞാൻ പോലും അറിയാതെ, എന്നെ അറിയാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവരും... എന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാവരും.

ഒരുപാടു പേരുടെ പ്രാർത്ഥനയും ത്യാഗവും ചേർന്ന് മിഴിവേകിയതാണ് ഈ ജീവിതം. നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി നിൽക്കുമ്പോഴും ഒന്നുമാത്രമേ അപേക്ഷിക്കാൻ ഉള്ളൂ. തുടർന്നും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളിൽ എളിയവനെയും ഓർക്കണമെന്ന്.

മനുഷ്യനെ സ്നേഹിച്ചവന്റെ നിയമം ഹൃദയത്തിൽ പേറി.... നന്ദി... നന്ദി.... നന്ദി....

■

www.malankaralibrary.com

# നിയോഗം പൂർത്തിക്കാൻ....

**കുര്യൻ മാത്യു & എലിസബത്ത് കുര്യൻ**
**ലിബിൻ അച്ചന്റെ മാതാപിതാക്കൾ**

"നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ വിശുദ്ധീകരിച്ച് ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറമിയ 1:5).

ഞങ്ങളുടെ ബലഹീനതകളെയും കുറവുകളെയും ഓർക്കാതെ ഞങ്ങളുടെ മകനെ വിളിച്ചു വേർതിരിച്ച് ഇപ്പോൾ സന്യാസ പൗരോഹിത്യത്തിലേക്ക് ഉയർത്തുന്ന പൊന്നു തമ്പുരാൻ ഒരായിരം നന്ദിയും സ്തുതിയും കരേറ്റുന്നു.

പത്തനംതിട്ട ജില്ലയിൽ മണ്ണാറക്കുളഞ്ഞി ഇടവകയിൽ മണിപ്പറമ്പിൽ വീട്ടിൽ കുര്യൻ മാത്യുവിന്റേയും എലിസബത്ത് കുര്യന്റെയും മകനായി 1992 മെയ് 14 ന് ജനിച്ചു. ബഹുമാനപ്പെട്ട ജോസഫ് വടക്കേക്കൂറ്റ് അച്ചനിൽ നിന്ന് മാമോദീസ സ്വീകരിച്ച് ലിബിൻ മാത്യു കുര്യൻ എന്ന പേര് സ്വീകരിച്ചു. ചെറുപ്പം മുതൽ തന്നെ ദേവാലയ ശുശ്രൂഷയിൽ താല്പര്യം കാണിക്കുകയും ഇടവകയിലെ കാര്യങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

മലയാലപ്പുഴ ഗവൺമെന്റ് സ്കൂളിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസവും മൈലപ്ര സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. പത്താം ക്ലാസിലെ പരീക്ഷയ്ക്ക് ശേഷം ഒരു ദിവസം ബഹു.ജെയിംസ് ഇല്ലിത്തറ ഒ.ഐ.സി അച്ചൻ അപ്രതീക്ഷിതമായി വീട്ടിൽ വരുകയും പിറ്റേ ദിവസം മൈലപ്രയിൽ നടക്കുന്ന TOC ക്യാമ്പിന് മോനെ ക്ഷണിക്കുകയും ചെയ്തു. അതിൽ പങ്കെടുത്തുതിനുശേഷം നാലാഞ്ചിറയിൽ നടന്ന മൂന്നുദിവസത്തെ ക്യാമ്പിൽ പങ്കെടുക്കുകയും ആശ്രമത്തിൽ ചേരാനുള്ള തീരുമാനം എടുക്കുകയും ചെയ്തു. തിരികെ വന്ന് ആ തീരുമാനം വീട്ടിൽ ഞങ്ങളെ അറിയിക്കുകയും ചെയ്തു. വളരെ വിഷമത്തോടെ ആണെങ്കിലും തീരുമാനം ഞങ്ങൾ അംഗീകരിക്കുകയും മകന്റെ ഇഷ്ടത്തിന് തീരുമാനം എടുക്കുവാൻ അനുവദിക്കുകയും ചെയ്തു.

www.malankaralibrary.com

നീണ്ട പന്ത്രണ്ടു വർഷത്തെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും പരിശീലനത്തിന്റെയും ഫലമായി 2020 ജനുവരി നാലാം തീയതി ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തൻ ആകുന്നു. ഈ സന്യാസ വൈദിക പരിശീലന കാലഘട്ടത്തിൽ മകനെ സഹായിച്ച ബഥനി സന്യാസ സമൂഹത്തിലെ എല്ലാ വൈദികരോടും എല്ലാ അംഗങ്ങളോടും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. ഈ കാലയളവിൽ താങ്ങും തണലുമായി എന്നും ഒപ്പമുണ്ടായിരുന്ന ഇടവക ജനങ്ങളോടും വികാരിയച്ചന്മാരോടും ഞങ്ങളുടെ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും സ്നേഹനിധിയായ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഞങ്ങൾ നേരുന്നു.

മണ്ണാറക്കുളഞ്ഞി ഇടവകയിൽ നിന്നും ബഥനി സന്യാസ സമൂഹത്തിനുവേണ്ടി വൈദികപട്ടം സ്വീകരിക്കുന്ന ആദ്യത്തെ വ്യക്തിയാണ് ലിബിൻ. അതിൽ വളരെയേറെ അഭിമാനിക്കുന്നു.

ഞങ്ങളുടെ ആദ്യഫലം ഇതാ നാഥാ അങ്ങേക്ക് സമർപ്പിക്കുന്നു. കരുണയോടെ അവിടുന്ന് സ്വീകരിച്ചാലും. വിളിച്ചവനായ ദൈവം വിശ്വസ്തനാണ്. വിളിച്ച ദൈവത്തെ മുറുകെപ്പിടിച്ചുകൊണ്ട് തന്നെ ഏൽപ്പിച്ച ദൗത്യം പൂർണമായി നിറവേറ്റുവാൻ ദൈവം ഞങ്ങളുടെ മകനെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബഥനി 'ആശ്വാസത്തിന്റെ ഭവനം' ആകുന്നുവല്ലോ. തന്റെ അടുക്കലേക്ക് വരുന്നവർക്ക് ആശ്വാസവും ആശ്രയവും ആയിത്തീരാൻ മകന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവം ഞങ്ങളുടെ മകനെ അനുഗ്രഹിക്കട്ടെ.

■

**സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടുവാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്. അവിടുന്ന് ഞങ്ങളെ എഴുതപ്പെട്ട നിയമത്താലല്ല ആത്മാവിനാൽ, പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കിയിരിക്കുന്നു (2 കോറി 3:5-6).**

www.malankaralibrary.com

# ഏവർക്കും പ്രിയങ്കരനായ ലിബിനച്ചൻ

**ബ്രദർ ജയ്സൺ സൈമൺ ഒ.ഐ.സി.**

ബഹുമാനപ്പെട്ട ഡീക്കൻ ലിബിൻ മാത്യു കുര്യൻ ദൈവകൃപയാൽ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ഇന്നോളം അദ്ദേഹത്തെ വഴി നടത്തിയ ദൈവകൃപയ്ക്കും അദ്ദേഹം വഴിയായി ലഭിച്ചിട്ടുള്ള അനുഗ്രങ്ങൾക്കും മുമ്പിൽ വിനീതമായി കൃതജ്ഞതയോടെ തലകൾ വണങ്ങുന്നു.

ഡീക്കൻ ലിബിനോടൊപ്പം എന്റെ പരിശീലനത്തിന്റെ ഏറിയ പങ്കും പങ്കിടുവാനും പരസ്പരം വളരുവാനും സാധിച്ചു എന്നത് ദൈവാനുഗ്രഹമായി കാണുന്നു. ഡീക്കൻ ലിബിനെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യമേ മനസ്സിലേക്ക് വരുന്ന 'L.M.K' എന്ന പേരാണ് (ലിബിൻ മാത്യു കുര്യൻ എന്നതിന്റെ ചുരുക്കരൂപം). ശെമ്മാശനിൽ ഏറ്റവും വലിയ പ്രത്യേകതയായി തിളങ്ങിയിരുന്നത് ബന്ധങ്ങൾ നേടുന്നതിലും അതിനെ പരിപോഷിപ്പിക്കുന്നതിലുള്ള ഉത്സാഹമാണ്. താനായിരിക്കുന്ന ഇടങ്ങളിൽ വ്യക്തികളുമായി ആത്മബന്ധം സ്ഥാപിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് തന്നെയാവണം 'L.M.K' എന്ന പേര് ഏവർക്കും സുപരിചിതമായതും. ഏവർക്കും സുഹൃത്തും സുപരിചിതനുമായ ശെമ്മാശൻ സമൂഹജീവിതത്തിൽ അദ്ദേഹത്തിന്റെ തന്റേതായ ഒരിടവും ക്രിയാത്മകമായ ഇടപെടലും ഉണ്ടായിരുന്നു. പൂനെ കമ്മ്യൂണിറ്റിയുടെ ബീഡിൽ ആയും കൊളോക്കിയത്തിന് നേതൃത്വം നൽകിയും ഫോട്ടോഷോപ്പ്, പേജ് മേക്കർ എന്നിവയിലെ പ്രാഗൽഭ്യം വഴിയും കമ്മ്യൂണിറ്റിയുടെ ആവശ്യങ്ങളിൽ അദ്ദേഹം സദാ വ്യാപൃതനായിരുന്നു. സർഗാത്മകമായ തന്റെ കഴിവുകൾ ക്രിസ്തുമസ് ക്രിബ്ബുകളിലും മറ്റു പ്രധാന സന്ദർഭങ്ങളിലും അദ്ദേഹം ഉപയോഗിച്ചിരുന്നു. ഏതു സമയത്തും ഇടങ്ങളിലും ഒരാവശ്യമായ ചെല്ലുന്നവരെ സഹായിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു.

ബഹുമാനപ്പെട്ട ശെമ്മാശനിൽ വിളങ്ങി നിന്നിരുന്ന മൂന്ന് നന്മകൾ എടുത്തു പറയേണ്ടവയാണ്.

**എളിമ:** ഏതു കാര്യത്തിലും പുതിയവ നേടിയെടുക്കുന്നതിൽ അദ്ദേഹം കാട്ടുന്ന എളിമയും കടമയും പ്രശംസനീയമാണ്. അർഹിച്ച അഭിനന്ദനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽപോലും 'എല്ലാം സന്തോഷമായി തീർന്നല്ലോ' എന്ന മനോഭാവം ഏവർക്കും മാതൃക

www.malankaralibrary.com

യായിരുന്നു. പുതിയ അറിവുകൾ നേടുന്നതിലും കാര്യങ്ങൾ ഗ്രഹിക്കുന്നതിലും ശ്രദ്ധാലുവായിരുന്ന ശെമ്മാശന്റെ പ്രശംസയോ ആശംസയോ നോക്കാതെ ഏൽപ്പിച്ച കാര്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ള ശ്രദ്ധ അദ്ദേഹത്തിന്റെ പൗരോഹിത്യജീവിതത്തിൽ എന്നും മുതൽക്കൂട്ടായിരിക്കും എന്ന് തീർച്ചയാണ്.

**പ്രാരംഭസവിശേഷത:** സമൂഹജീവിതം ഏറ്റവും ആനന്ദകരമാക്കുവാനും ചലനം സൃഷ്ടിക്കുവാനും മുൻകൈ എടുത്തിരുന്ന ശെമ്മാശൻ ഉല്ലാസവേളകളിൽ ചീട്ട് കളിക്കുന്നതിലും തമാശപറഞ്ഞ് മറ്റുള്ളവരെ രസിപ്പിക്കുന്നതിലും ഉത്സാഹവാനായിരുന്നു. വാശിയേറിയ ബാസ്കറ്റ്ബോൾ മത്സരസമയത്തും തനതുശൈലിയിലുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ കളിയുടെ ഗതി തിരിച്ചിട്ടുണ്ട്. അദ്ദേഹം നേതൃത്വം നൽകുന്ന പരിപാടികൾ, ജോലി തുടങ്ങിയ ഇടങ്ങളിൽ ക്രിയാത്മകമായി, മുൻകൈയ്യെടുത്തു കാര്യങ്ങളെല്ലാം വിജയത്തിലെത്തുക്കുവാൻ വേണ്ടിയുള്ള ഉത്സാഹം അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചപ്പോഴും നിരീക്ഷണത്തിലൂടെയും ഈ ലേഖനകർത്താവിനെ സഹായിച്ചിട്ടുണ്ട്. ഉത്തരവിടുന്നതിനേക്കാളും ശെമ്മാശനിൽ നിഴലിച്ചിരിക്കുന്നത് ആദ്യമേ ഇറങ്ങി കാര്യങ്ങൾ നടപ്പാക്കുന്ന സ്വഭാവമായിരുന്നു.

നന്മയുടെ തിരഞ്ഞെടുപ്പ്: നന്മയെ മറ്റുള്ളവരിൽ നിന്ന് ചികഞ്ഞെടുക്കുവാനും അദ്ദേഹം സദാ തൽപരനായിരുന്നു. തന്റെ ജീവിതത്തിൽ നന്മ കണ്ടെത്തുന്നതുപോലെ മറ്റുള്ളവരിലും നല്ലതിനെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുവാനും ആ നന്മകളെയും ഗുണങ്ങളെയും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാനും ശ്രദ്ധിച്ചിരുന്ന വ്യക്തിയായിരുന്നു ശെമ്മാശൻ.

ബഹുമാനപ്പെട്ട ലിബിൻ ശെമ്മാശനെക്കുറിച്ചെഴുതുവാൻ ധാരാളമുണ്ട്. നല്ല പ്രാസംഗികൻ, ആരാധനക്രമത്തിനും ക്രമീകരണങ്ങൾക്കും വ്യക്തമായ സ്ഥാനം നൽകുന്നവൻ, നല്ല കലാകാരൻ, നേതാവ്, കവി, വിശ്വസ്തതയുടെ മാന്ത്രികൻ (കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി) എന്നിങ്ങനെ ധാരാളം കഴിവുകളുള്ള അദ്ദേഹത്തിന് തന്റെ സുവിശേഷ പ്രസംഗങ്ങളിൽ ഗഹനമായ ദൈവശാസ്ത്ര ചിന്തകളെ ലളിതമാക്കി ആരാധനാക്രമത്തിലെ ഗീതങ്ങളെ കോർത്തിണക്കി സന്ദർഭോചിതമായി മനോഹരമാക്കി അവതരിപ്പിക്കുവാൻ പ്രത്യേക സാമർത്ഥ്യമുണ്ട്. അതിനാലാവണം “LMKയുടെ പ്രസംഗമണോ, എങ്കിൽ ഒരു ആരാധനാഗീതം എങ്കിലുമുണ്ടാവും” എന്ന് പരിചതർ പറഞ്ഞിരുന്നത്.

www.malankaralibrary.com

ഒരു ബാച്ചുകാരൻ എന്ന നിലയിൽ ശെമ്മാശനെപ്പറ്റി ഏറെ സന്തോഷിക്കുന്നു. സമൂഹജീവിതം അദ്ദേഹത്തിന് ഏറ്റവും പ്രധാന പ്പെട്ട സംഗതിയായിരുന്നു. സ്വസഹോദരനെന്ന നിലയിൽ മനസ്സിലുള്ള ഏകപരിഭവമെന്തെന്നാൽ തന്റെ അക്കാഡമിക് സാധ്യതകളെ വേണ്ട വിധം പൂർണ്ണമായി ഉപയോഗിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്ന താണ്. വായനക്കാർ എന്നോട് വിരോധം തോന്നരുതേ... ഭാഷ പഠി ക്കുവാനും കൈകാര്യം ചെയ്യാനും അദ്ദേഹം മിടുക്കനായിരുന്നതിനാൽ ആ കഴിവകളെ കുറച്ചുകൂടി ഉപയോഗിച്ചിരുന്നെങ്കിൽ മികച്ചതായി രുന്നേനെ എന്ന് ബാച്ചുകാരൻ എന്ന നിലയിൽ ഞാൻ കരുതുന്നു.

ഞങ്ങളുടെ LMK ദൈവത്തിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുകാരനാകുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു. പ്രാർത്ഥിക്കുന്നു. ദൈവത്തോട് വിശ്വസ്തത പുലർത്തി തന്റെ കഴിവുകളെ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹപ്രദമാക്കുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു. ■

**"നിന്റെ സഹോദരന്മാരായ ലേവ്യരെ ഇസ്രായേലിൽ നിന്ന് ഞാൻ വേർതിരിച്ച് എടുത്തിരിക്കുന്നു. സമാഗമ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിനും കർത്താവിനുള്ള ദാനമായും അവരെ ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു. ബലിപീഠവും തിരശ്ശീലയ്ക്ക് പിന്നിലുള്ളവയും സംബന്ധിച്ചുള്ള പൗരോഹിത്യ ശുശ്രൂഷകളെല്ലാം നീയും പുത്രന്മാരും അനുഷ്ഠിക്കണം. നിങ്ങൾ തന്നെ അതു ചെയ്യണം. പൗരോഹിത്യ ശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ്. മറ്റാരെങ്കിലും അതിനു തുനിഞ്ഞാൽ അവൻ മരണശിക്ഷ അനുഭവിക്കണം."**

**(സംഖ്യ 18:6-7)**

www.malankaralibrary.com

# ദൈവത്തിന്റേതു മാത്രം...

**ഫാ. ജിതിൻ ജോർജ്ജ് ഒ.ഐ.സി.**



"വിശുദ്ധ കിരീടത്തിന്റെ തകിട് സ്വർണ്ണം കൊണ്ട് നിർമ്മിച്ച് അതിന്മേൽ ഒരു മുദ്രയെന്നപോലെ കർത്താവിനു സമർപ്പിതൻ എന്ന് കൊത്തിവച്ചു" (പുറപ്പാട് 39:30).

പൗരോഹിത്യം എന്ന മായാത്ത മുദ്രയാൽ എന്നെ നിന്റേതു മാത്രമാക്കിത്തീർത്ത പൊന്നു തമ്പുരാനേ നിനക്കു നന്ദി ചൊല്ലിത്തീർക്കുവാൻ ഈ ജീവിതം പോരാ ......

ടി. ഒ. സി ക്യാമ്പിന് പോയി തിരികെ വന്ന് പ്ലസ് വണ്ണിനു ചേരാൻ പോയപ്പോൾ, "ജിതിനേ ആശ്രമത്തിലും സെമിനാരിയിലും ഒന്നും പോകുന്നില്ലയോ" എന്ന് ചോദിക്കുകയും "പ്ലസ്ടു കഴിഞ്ഞ് ചേരാനാണ്" എന്ന് പറഞ്ഞപ്പോൾ "ആശ്രമത്തിലോ സെമിനാരിയിലോ ചേർന്നേ മതിയാകൂ" എന്ന് പറഞ്ഞ് എന്റെ ആത്മവിശ്വാസത്തെ വർദ്ധിപ്പിച്ച കർത്താവിന്റെ പുരോഹിതൻ ബഹു. ജോർജ്ജ് കോട്ടപ്പുറം അച്ചനെ നന്ദിയോടെ ഓർക്കുന്നു.

എന്നെ ആശ്രമവൈദികന്റെ ജീവിതശൈലി കാണിച്ചു തന്ന് എന്നെ ആശ്രമത്തിലേക്ക് യാത്രയാക്കിയ ബഹുമാനപ്പെട്ട വിജയാനന്ദ് ഇടയിലെവീട്ടിൽ അച്ചനെ നന്ദിയോടെ ഓർക്കുന്നു.

ദൈവവിളിയുടെ വിത്തുകൾ ചില വാക്കുകളിലൂടെയും സംസാരത്തിലൂടെയും, എന്റെ ഹൃദയത്തിൽ പാകിയ ഇടവക വികാരിമാർക്കും, സിസ്റ്റേഴ്സിനും,

പഠിപ്പിക്കുന്നതോടൊപ്പം, വിശ്വാസജീവിത വ്യക്തിത്വം എനിക്കു കാണിച്ചുതന്ന് അറിവിന്റെ ലോകത്തിലേക്കും ദൈവിത്തിങ്കലേക്കും എന്നെ നയിച്ച കുടശ്ശനാട് സെന്റ് തോമസ് സ്കൂളിലെ അധ്യാപകർക്കും കറ്റാനം പോപ്പ് പയസ് സ്കൂളിലെ എല്ലാ അധ്യാപകർക്കും,

ദൈവിക പദ്ധതിയെ മറക്കാൻ ആഗ്രഹിച്ചപ്പോഴും, എന്നാൽ സെമിനാരിയിൽ പോകുന്നത്? സെമിനാരിയിൽ പോകാനല്ലേ? തുടങ്ങിയ

www.malankaralibrary.com

ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളായ ഇടവകജനങ്ങൾക്ക്

ആശ്രമത്തിൽ പോകാനാണ് എന്ന് പറഞ്ഞപ്പോൾ ഒരുപാട് പ്രോത്സാഹിപ്പിക്കുകയും, തെറ്റായ സാഹചര്യങ്ങളിലേക്ക് പോകുന്നതിനു മുമ്പേ സെമിനാരിയിൽ പോകാനുള്ള ചെറുക്കനാ നീ എന്നു പറഞ്ഞ് നിഴൽ പോലെ കൂടെ നടന്ന സഹപാഠികൾക്ക്.

സമാഗമകൂടാരത്തിനുമുമ്പിൽ ദൈവസാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്ന കെടാവിളക്കുപോലെ എന്റെ ജീവിതത്തിൽ ഒരിക്കലും അണഞ്ഞുപോകാത്ത ദൈവിക സാന്നിദ്ധ്യമായി നിലകൊള്ളുന്ന അമ്മക്ക്.

കഷ്ടപ്പെട്ട് ജീവിക്കണം എന്ന് ജീവിതത്തിൽ കാണിച്ചുതരുകയും എനിക്ക് താങ്ങായി തണലായി എന്നോടൊപ്പം ഉണ്ടാവുകയും ചെയ്ത് സ്വർക്ഷീയ സന്നിധിയിലേക്ക് യാത്രയായ പ്രിയപ്പെട്ട വല്ല്യപ്പച്ചനും, പപ്പായ്ക്കും,

ക്രിസ്തുവിന്റെ സഭയോടുള്ള ആത്മാർത്ഥത എപ്രകാരം ആയിരിക്കണം എന്ന് തന്റെ ജീവതത്തിലൂടെ എനിക്കു കാണിച്ചു തന്ന പ്രിയപ്പെട്ട അച്ചാച്ചന്,

പരിശീലന കാലഘട്ടത്തിൽ എന്നെ നയിച്ച ജനറാൾ അച്ചന്മാർക്കും, പ്രോവിൻഷ്യാൾ അച്ചന്മാർക്കും, എന്നെ വളർത്തിയ റെക്ടർ അച്ചന്മാർക്കും മറ്റ് എല്ലാ വൈദികർക്ക്,

വൈദിക പരിശീലനത്തിൽ എന്നോടൊപ്പം യാത്ര ചെയ്ത ബഥനിയിലെ എന്റെ സഹോദരന്മാർക്ക്,

എന്നെ ഞാനാക്കിത്തീർത്ത ബഥനിക്ക്,

നന്ദി... നന്ദി... ഒരായിരം നന്ദി...

---

**"ഇസ്രായേലിന്റെ ദൈവമായ കർത്താവ് തന്നെയാണ് അവരുടെ അവകാശം" ജോഷ്വാ 13:33**

**"കർത്താവിന് അർപ്പിക്കുന്ന ദഹനബലിയാണ് അവരുടെ അവകാശം" ജോഷ്വാ 18:7**

**"ഞാനാണ് നിന്റെ അവകാശവും ഓഹരിയും" സംഖ്യ 18:20**

www.malankaralibrary.com

# കർത്താവിന്റെ ആലയത്തിൽ വസിക്കാൻ...

**പൊന്നമ്മ ജോർജ്ജ്**
**ജിതിൻ അച്ചന്റെ മാതാവ്**

‘‘അങ്ങയുടെ അങ്കണത്തിൽ വസിക്കാൻ അങ്ങുതന്നെ തിരഞ്ഞെടുത്തു കൊണ്ടുവരുന്നവൻ ഭാഗ്യവാൻ. ഞങ്ങൾ അങ്ങയുടെ ആലയത്തിലെ വിശുദ്ധമന്ദിരത്തിലെ നന്മകൊണ്ടു സംതൃപ്തരാകും” (സങ്കീ 65:4)

കർത്താവിന്റെ ആലയത്തിൽ വസിക്കാൻ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ് ബഹു. ജിതിൻ അച്ചൻ. നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഞാൻ ഇപ്പോൾ ദൈവതിരുമുമ്പാകെ നില്ക്കുക.

നന്നേ ചെറുപ്പത്തിൽത്തന്നെ ദൈവികകാര്യങ്ങളോട് ആഭിമുഖ്യവും, താത്പര്യവും വച്ചു പുലർത്തിയിരുന്നു. എല്ലാ ദിവസവും ദൈവവചനം വായിച്ചിരുന്നു. പ്രത്യേകിച്ച് അവധി ദിവസങ്ങളിൽ എല്ലാ ദിവസവും ഇടവക ദേവാലയത്തിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ പോയിരുന്നു.

ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള വൈദികരും, സന്ന്യാസിനികളും ജിതിൻ അച്ചന്റെ ദൈവവിളിയിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

അച്ചൻ തന്റെ ജീവിതത്തിൽ നടത്തിയ തിരഞ്ഞെടുപ്പ് തീർച്ചയായും പരിശുദ്ധാത്മാവിലാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുകയാണ്.

നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ദൈവവിളി ധ്യാനത്തിനും ആദ്യവർഷം ആശ്രമത്തിൽ ചേർക്കുവാൻ കൊണ്ടു ചെന്നതുമൊക്കെ ഇപ്പോഴും മനസ്സിൽ നിറഞ്ഞു നിൽക്കുന്നുണ്ട്.

കർത്താവിന്റെ അങ്കണത്തിൽ വസിച്ച് അവിടെ നിന്നും കൃപകൾ സ്വീകരിച്ച് തന്നെ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന് ധാരാളം അനുഗ്രഹങ്ങൾ വാങ്ങിച്ചു കൊടുക്കാൻ അച്ചന് സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്.

www.malankaralibrary.com

അച്ചന്റെ ബലിപീഠത്തിലേക്കുള്ള യാത്രയിൽ അച്ചനെ സഹായിച്ച ജനറാൾ അച്ചന്മാർ, പ്രോവിൻഷ്യൽ അച്ചന്മാർ, റെക്ടർ അച്ചന്മാർ, ആദ്ധ്യാത്മിക ഗുരുക്കന്മാർ, ബഥനി ആശ്രമാംഗങ്ങൾ, അധ്യാപകർ എല്ലാവരെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുകയാണ്.

കർത്താവിന്റെ ആലയത്തിൽ ബലി അർപ്പിക്കുന്നതിനും, ദൈവജനത്തെ നയിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനുമുള്ള, ആയുസ്സും, ആരോഗ്യവും, കഴിവും, ദൈവിക ജ്ഞാനവും ദൈവത്തിന്റെ ആത്മാവ് പ്രദാനം ചെയ്യട്ടെ എന്ന് ഈ നിമിഷം കുടുംബാംഗങ്ങളോടൊപ്പം ഞാനും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

**"കഷ്ടപ്പാടുകളിലും അവഗണനയിലും ആദരവിലുമെല്ലാം ഒരുപോലെ നാം ദൈവഹിതത്തിന് അനുരൂപപ്പെടണം. അവയെല്ലാം ദൈവപരിപാലനയുടെ ഭാഗമായിക്കരുതി സ്വമനസ്സാലെ നാം കീഴ്‌വഴങ്ങണം. അങ്ങനെ ദൈവത്തിന് അർഹമായ ബഹുമാനം അർപ്പിക്കണം."**

**വാഴ്ത്തപ്പെട്ട ക്ലൗഡ് കൊളംബിയർ**

**"മാലോകർ മുഖം കണ്ട് വിധിക്കുമ്പോൾ സർവ്വേശ്വരൻ ഉള്ളു വായിക്കുന്നു. മുഖകാന്തി കണ്ടിട്ടല്ലല്ലോ ദാവീദ് തെരഞ്ഞെടുക്കപ്പെട്ടത്. വിരൂപനെന്ന് പറഞ്ഞ് ഏലിയ ഒഴിവാക്കപ്പെട്ടുമില്ല."**

**ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ**

**"പുരോഹിതരെന്ന നിലയിൽ അവർ എനിക്ക് ശുശ്രൂഷ ചെയ്യട്ടെ. അവരുടെ ഈ അഭിഷേകം അവരെ തലമുറകളിലൂടെ നിലനിൽക്കുന്ന നിത്യപൗരോഹിത്യത്തിൽ ഭാഗഭാക്കുകളാക്കും." പുറപ്പാട് 40:15**

www.malankaralibrary.com

# ബഥനിയെ സ്വന്തമാക്കിയ ജിതിനച്ചൻ

ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി.

ശിമയോന്റെ മാളികയിലെ യേശുവിന്റെ വിരുന്നു പൂർത്തിയായ കാൽവരി ചോദിച്ചു,

"എന്നാണ് നീ ഇവിടെ എത്തുക"

അർപ്പിക്കപ്പെടുന്ന ഓരോ കുർബാനയുടെയും പൂർത്തീകരണം പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളുടെ കാൽവരിയിൽ അപരനുവേണ്ടി സ്വയം നേദിക്കപ്പെടുന്നതാണ്.

ശുശ്രൂഷാ പൗരോഹിത്യത്തിന്റെ അഭിഷേകതൈലത്താൽ സ്വയം ബലിയായ തീരുവാൻ ഒരുങ്ങുന്ന ജിതിൻ ശെമ്മാശനെപ്പറ്റി ജീവിത ത്താളുകളിലെ അനുഭവങ്ങൾ കോർത്തിണക്കി താഴെ കുറിക്കുന്നു....

സന്യാസചര്യയുടെ ഹൃദയത്തിൽ എഴുതിച്ചേർക്കപ്പെട്ട് 'പ്രാർത്ഥ നയും പ്രവർത്തനവും' എന്ന സുവർണ്ണ സൂത്രവാക്യം കരുപ്പിടിപ്പിച്ചു ബഥാന്യൻ ജീവിതത്തിന്റെ അന്തഃസത്തയും നൂറുമേനി ഫലം പുറപ്പെ ടുവിക്കുന്ന നല്ല നിലാണ് ശെമ്മാശൻ.

**പ്രാർത്ഥനാ ജീവിതം (ബലിയർപ്പണം)**

വിജനതയുടെ വിശാലതയിലും പ്രശാന്തതയിലും അബ്ബായോ ടുള്ള സ്നേഹസംഭാഷണത്തിന്റെ ഊഷ്മളതയിൽ ജീവിതം മെനഞ്ഞെ ടുത്ത ക്രിസ്തുവിനെപ്പോലെ, ആഴമായ ദൈവവചന വിചിന്തനത്താ ലും, ജപമണികളുടെ കരുത്തിലും അടിസ്ഥാനമുറപ്പിച്ച ഒരാത്മീയ ജീവി തത്തിന്റെ ഉടമയാണ് ജിതിൻ ശെമ്മാശൻ. ആശ്രമദേവാലയത്തിൽ വ്യക്തിപരമായ പ്രാർത്ഥനയ്ക്കായി ധാരാളം സമയം ചിലവഴിച്ച് പ്രാർത്ഥനാ നിരതനാകുന്ന ശെമ്മാശന്റെ സാന്നിധ്യം വളരെ മാതൃകാ പരമാണ്. ഏതു കർമ്മത്തിനും മുൻപും ആത്മാർത്ഥമായ പ്രാർത്ഥന ശെമ്മാശനു ധൈര്യം പകരുന്നു. ഇതു തന്നെയാണ് അദ്ദേഹത്തിന്റെ ബലവും. ദൈവാശ്രയവും വിധേയത്വവും വിളങ്ങി നിൽക്കുന്ന ആത്മീയ ജീവിതത്തിന്റെ മാതൃകയായ ശെമ്മാശൻ പ്രാർത്ഥനയുടെ മനുഷ്യൻ എന്ന വിളിപ്പേരിന് എന്തുകൊണ്ടും അർഹനാണ് ഭക്തിസാന്ദ്രമായ

www.malankaralibrary.com

ശബ്ദത്തിനുടമയായ ശെമ്മാശൻ ആരാധനാശുശ്രൂഷകളിൽ നിപുണ നാണ്.

**പ്രവർത്തനജീവിതം (ബലിവസ്തു)**

കർമ്മനിരതനായ ശെമ്മശാൻ തന്റെ ജീവിതത്തിൽ കഠിനാദ്ധ്വാനത്തിലും പരസഹായത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നു. ഏൽപ്പിക്കുന്ന എല്ലാ കാര്യങ്ങളിലും അർപ്പണ ബോധത്തോടെ സമൂഹ നന്മയ്ക്കുതകുന്ന വിധത്തിൽ ചെയ്യുവാൻ ശെമ്മാശൻ എപ്പോഴും ശ്രമിച്ചിരുന്നു. അപരനു കിട്ടേണ്ട നന്മ തന്റെ വീഴ്ചമൂലം നഷ്ടപ്പെട്ടു പോകരുതെന്ന ഒരു കരുതൽ അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയുടെ പ്രത്യേകതകളിൽ ഒന്നാണ്. പുതുതായി എന്തെങ്കിലും പഠിക്കാനുള്ള ആഗ്രഹവും തീക്ഷ്ണതയും ശെമ്മാശന്റെ ജീവിതത്തിൽ വളരെ സ്പഷ്ടമാണ്. അതിനനുസരിച്ചു ശെമ്മാശൻ തന്റെ ഒഴിവുസമയങ്ങളിൽ ക്രമീകരിച്ചിരുന്നു.

തന്നാലാകുന്ന വിധത്തിൽ മറ്റുള്ളവരെ സഹായിക്കാനുള്ള ശെമ്മാശന്റെ മനസ്സ് എടുത്തു പറയേണ്ടതാണ്. വളരെ പ്രത്യേകിച്ച് മലയാളം, ഇംഗ്ലീഷ് ടൈപ്പിംഗ് വശമായതിനാൽ ആ മേഖലയിൽ പൂനാ പഠനഗൃഹത്തിലുള്ള എല്ലാ സഹോദരങ്ങളെയും സഹായിച്ചിരുന്നു. രോഗീസന്ദർശനം ശെമ്മാശന്റെ സഹോദരസ്നേഹത്തിന്റെ വ്യക്തമായ ബഹുസ്ഫുരണമാണ്. സ്വയവേ ശാന്തസ്വഭാവക്കാരനാണെങ്കിലും കുറിക്കു കൊള്ളുന്ന തമാശകളിലൂടെ ഉല്ലാസവേളകൾ നർമ്മഭരിതമാക്കുവാൻ ശെമ്മശാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇപ്രകാരം നന്മകൾ ഏറെയുള്ള അനുഗ്രഹീത സന്യാസിയാണ് ശെമ്മാശൻ.

ദൈവം അനുഗ്രഹിച്ചു നൽകിയ കഴിവുകളും ആർജ്ജിച്ചെടുത്ത നന്മകളും, പ്രാർത്ഥനയിലും പ്രവർത്തനത്തിലും അധിഷ്ഠിതമായ സന്യാസ ജീവിത നിഷ്ഠയും ശുശ്രൂഷാ പൗരോഹിത്യത്തിന്റെ വിശുദ്ധിയിൽ അനേകർക്ക് ആശ്വാസവും തണലുമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ബലിക്കല്ലിന്റെ ശാലീനതയിൽ മുറിയപ്പെടുന്ന അപ്പം ദൈവത്തിനു പ്രീതികരവും ദൈവജനത്തിനു ആത്മീയ പോഷണവുമാണ്.

www.malankaralibrary.com

# കൃതജ്ഞതയോടെ ...

ഫാ. അലൻ തോമസ് ഒ.ഐ.സി.



"ഉരുക്കീടുന്നു മിഴിനീരിലിട്ടു
മുക്കുന്നു മുറ്റും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിനുപയുക്തമാക്കാൻ"

എന്റെ ജീവിതത്തിലെ ഏറ്റവും ധന്യ നിമിഷങ്ങളിലൂടെയാണ് ഞാൻ കടന്നുപോകുന്നത്. ഒരു വൈദികനാകണം എന്ന് എന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഒരു സ്വപ്നം അത് അനുഗ്രഹമായി മാറി, ഇപ്പോൾ അത് യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. 'മദ്ബഹാ' എന്ന ഈ ആത്മസാക്ഷാത്കാരത്തിലേയ്ക്ക് നടന്നടുക്കുവാൻ ജീവിതയാത്രയിൽ സഹയാത്രികരായി അനേകം വ്യക്തികളിലൂടെ സ്ഥലങ്ങളിലൂടെ, ജീവിതഅനുഭവങ്ങളിലൂടെ ദൈവം എന്നെ വഴി നടത്തി. റാഫേൽ മാലാഖയെ കൊച്ചുതോബിയാസിന്റെ സഹയാത്രകനായി അയച്ച് ലക്ഷ്യത്തിലെത്തിച്ച് തന്റെ കുടുംബത്തിന് അനുഗ്രഹം വർഷിക്കുന്ന സർവ്വശക്തനായ ദൈവത്തിന് തോബിയാസ് നൽകുന്നത് ആഹ്ലാദം തുളുമ്പുന്ന കൃതജ്ഞതയുടെ പ്രാർത്ഥനാകീർത്തനം പോലെ, ഈ നിമിഷങ്ങളിൽ ഞാനും എനിക്ക് കൈവന്ന എല്ലാ നന്മയ്ക്കും കൃതജ്ഞത അർപ്പിക്കുന്നു.

സന്ന്യാസജീവിതത്തിലൂടെ ക്രിസ്തുവിന്റെ പുരോഹിതനായി തീരുവാൻ നാളിതുവരെയും വഴി നടത്തിയ എല്ലാവരെയും നന്ദിയോടുകൂടി ഓർക്കുന്നു. ജന്മവും സ്നേഹവും നൽകി പ്രാർത്ഥനയിലൂടെയും പ്രാണനിലൂടെയും എന്നെ വളർത്തിയ എന്റെ ജീവിതത്തിൽ എന്നെ കൈപിടിച്ചു നടത്തിയ എന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ, കുടുംബക്കാർ, അയൽപക്കക്കാർ എനിക്ക് നിർവ്വചിക്കാൻ കഴിയാത്ത ബന്ധങ്ങൾ സമ്മാനിച്ച എന്റെ സുഹൃത്തുക്കൾ, അക്ഷരവെളിച്ചം പകർന്ന് തന്ന ഗുരുക്കന്മാർ, എന്നെ ഞാൻ ആക്കിയ എന്റെ ബഥനി കുടുംബ

www.malankaralibrary.com

ത്തിലെ എല്ലാ അംഗങ്ങൾക്കും വിശ്വാസജീവിതത്തിൽ എന്നെ പ്രാർത്ഥനയും പ്രോത്സാഹനവും കൊണ്ട് ശക്തിപ്പെടുത്തുന്ന എന്റെ ഇടവകയിലെ ജനങ്ങൾക്കും, വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും ജീവിത ബലിയിലേക്കുള്ള യാത്രയിൽ എന്നോടൊപ്പം സഞ്ചരിക്കുന്ന എന്റെ സഹോദര ബാച്ചുകാർക്കും നന്ദി...

"ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ 8:28) എന്ന് മനസ്സിലാക്കി കൊണ്ട് ജീവിക്കുവാനും തുടർന്നുള്ള ജീവിതകാലം ദൈവത്തെ സ്നേഹിച്ചും ദൈവജനത്തെ ശുശ്രൂഷിച്ചും ബഥനിയുടെ ലാളിത്യവും, സ്നേഹവും, താഴ്മയും പങ്കുവച്ച് ജീവിക്കുന്നതിന് ദൈവകൃപ എന്നിൽ ഉണ്ടാകുവാനായി എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. ഇനിയും വഴി നടത്തുന്ന പൊന്നു തമ്പുരാന് മുമ്പിൽ സർവ്വവും സമർപ്പിച്ചുകൊണ്ട് നന്ദി...നന്ദി.. ഒരായിരം നന്ദി. ■

**"കർത്താവിന്റെ ശുശ്രൂഷകരായ**
**പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും**
**മധ്യേ നിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കട്ടെ.**
**കർത്താവേ, അങ്ങയുടെ ജനത്തെ**
**ശിക്ഷിക്കരുതേ! ജനതകളുടെ ഇടയിൽ**
**പഴമൊഴിയും പരിഹാസപാത്രവുമാകാതെ,**
**അങ്ങയുടെ അവകാശത്തെ സംരക്ഷിക്കണമെ!**
**എവിടെയാണ് അവരുടെ ദൈവം എന്ന്**
**ജനതകൾ ചോദിക്കാൻ ഇട വരുന്നതെന്തിന്?"**
**"അപ്പോൾ, കർത്താവ് തന്റെ ദേശത്തെപ്രതി**
**അസഹിഷ്ണുവാകുകയും തന്റെ ജനത്തോട്**
**കാരുണ്യം കാണിക്കുകയും ചെയ്തു"**
**(ജോയേൽ 2:17-18)**

www.malankaralibrary.com

# പെയ്തുതോരാത്ത സ്നേഹത്തിന് നന്ദി

**തോമസ് കോശി & സിസിലി തോമസ്**
അലൻ അച്ചന്റെ മാതാപിതാക്കന്മാർ

കർത്താവിന്റെ വിശുദ്ധബലിവേദിയിൽ നിൽക്കാൻ ഭാഗ്യം ലഭിച്ച പുരോഹിതാ, നിന്റെ ജീവിതം എത്രയോ ധന്യം...

ഞങ്ങളുടെ മകൻ അലൻ തോമസ് ദൈവജനത്തിനുവേണ്ടി വിശുദ്ധബലി അർപ്പിക്കാൻ പോകുന്ന ഈ വേളയിൽ നല്ല തമ്പുരാന് ഒരായിരം നന്ദി അർപ്പിക്കുന്നു.

1993 മെയ് 18-ാം തീയതി ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ശ്രീ തോമസ് കോശിയുടെയും സിസിലി തോമസിന്റെയും മകനായി അലൻ തോമസ് ജനിച്ചു. ബഹുമാനപ്പെട്ട ജെയ് പോളച്ചന്റെ കരങ്ങളിൽ നിന്ന് മാമ്മോദീസാ സ്വീകരിക്കുകയും 'കോശി' എന്ന ജ്ഞാനസ്നാനനാമം സ്വീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ജോഷ്വാ കുറ്റിയിലച്ചനിൽ നിന്ന് ആദ്യകുർബ്ബാന സ്വീകരിക്കുകയും ചെയ്തു. കുഞ്ഞുനാൾ മുതൽ തന്നെ വൈദികൻ ആകണമെന്നായിരുന്നു അലന്റെ ആഗ്രഹം. എല്ലാ ദിവസവും വിശുദ്ധകുർബ്ബാനയിൽ പങ്കെടുക്കുവാൻ അവൻ ശ്രമിച്ചിരുന്നു. ഇടവകയ്ക്കും നാടിനും ഏറെ പ്രിയപ്പെട്ടവനായിരുന്നു ഞങ്ങളുടെ മകൻ.

വൈദികൻ ആകണമെന്ന ആഗ്രഹം കുഞ്ഞുനാളിൽ ഞങ്ങളുടെ മകൻ പറയുമായിരുന്നെങ്കിലും ഞങ്ങൾ കാര്യമാക്കിയില്ല. എന്നാൽ, പത്താം ക്ലാസ് പഠനത്തിനുശേഷം, ആശ്രമത്തിൽ ചേരണമെന്ന് പറഞ്ഞപ്പോൾ ഏറെ സങ്കടത്തോടെയാണ് ഞങ്ങൾ ഇത് ഉൾക്കൊണ്ടത്. എന്നാൽ ഇന്ന് ഞങ്ങൾ ഏറെ സന്തോഷവാന്മാരാണ്. ബഹുമാനപ്പെട്ട ജോഷ്വാ കുറ്റിയിലച്ചനും ബഹുമാനപ്പെട്ട കുര്യനച്ചനുമാണ് ഞങ്ങളുടെ മകനെ ആശ്രമത്തിലേക്കു നയിച്ചത്.

സ്വന്തം കുടുംബത്തേയും സഹോദരങ്ങളേയും ഉപേക്ഷിച്ച് ഒരു നല്ല വൈദികനാകണമെന്ന ആഗ്രഹവുമായി 2008 ജൂൺ 10-ാം തീയതി തിരുവല്ല ആശ്രമത്തിലെത്തി. ഞങ്ങളുടെ മകന്റെ സന്ന്യാസജീവിതരൂപീകരണത്തിൽ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും വഹിച്ച പങ്ക് വിസ്മരിക്കാനാവുന്നതല്ല. പ്രത്യേകമായും മുൻ വികാരിമാരായിരുന്ന

www.malankaralibrary.com

ബഹു.ജോഷ്വാ കുറ്റിയിൽ അച്ചനെയും ബഹു. വർഗ്ഗീസ് പള്ളിക്കലച്ച നെയും ബഹു. കുര്യൻ തോണ്ടുകുഴിയിലച്ചനെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

ദൈവതിരുമുമ്പിൽ ഇന്ന് നിൽക്കുമ്പോൾ ഞങ്ങൾക്ക് ദാനമായി നൽകിയ ഞങ്ങളുടെ മകനെ ഓർത്ത് നല്ല തമ്പുരാന് ഒരായിരം നന്ദി യർപ്പിക്കുന്നു. ഞങ്ങളുടെ മകൻ വൈദികനാകുന്ന ഈ വേളയിൽ സഹായകമായ പരിശീലനവും ശിക്ഷണവും അനുഗഹവും നൽകി വളർത്തികൊണ്ടുവന്ന ബഥനി സന്ന്യാസിസമൂഹത്തിലെ എല്ലാ വൈദി കരെയും നന്ദിയോടെ ഓർക്കുന്നു. അതുപോലെ തന്നെ എല്ലാ കാര്യ ങ്ങൾക്കും കൂടെ തണലായി നിന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദി കരെയും ഇടവകാംഗങ്ങളെയും ബന്ധുമിത്രാദികളെയും സുഹൃത്തു ക്കളെയും നന്ദിയോടെ ഓർക്കുന്നു.

"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണ്" (ജറെമിയ 29:11) അതെ, അലനെ ഇത്രത്തോളം കൊണ്ടു നടത്തിയ ദൈവത്തിന് ഒരായിരം നന്ദി.

പെയ്തുതോരാത്ത ഞങ്ങളോടുള്ള നിന്റെ സ്നേഹത്തിന് നന്ദി...

---

**"എന്നാൽ നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും**
**രാജകീയ പുരോഹിത ഗണവും**
**വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം**
**ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ**
**നിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്ക്**
**നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം.**
**മുമ്പ് നിങ്ങൾ ഒരു ജനമായിരുന്നില്ല;**
**ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ ജനമായിരിക്കുന്നു.**
**മുമ്പ് നിങ്ങൾക്ക് കരുണ ലഭിച്ചിരുന്നില്ല;**
**ഇപ്പോൾ നിങ്ങൾക്ക് കരുണ ലഭിച്ചിരിക്കുന്നു"**
**(1 പത്രോസ് 2: 9-10)**

www.malankaralibrary.com

# പ്രാർത്ഥനയും നർമ്മവും സ്വന്തമാക്കിയ അലൻ അച്ചൻ

ബ്രദർ സുജോ കോശി ഒ.ഐ.സി.

പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ഈ ധന്യനിമിഷത്തിൽ അലൻ അച്ചന് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകളും അനുഗ്രഹങ്ങളും നേരുന്നു. എന്നും ദൈവത്തിന്റെ കരുത്തുറ്റ കരം അച്ചനോടൊപ്പം ഉണ്ടായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഇടുക്കിയിലെ പ്രകൃതിരമണീയമായ രാമക്കൽമേട് ഇടവകയിൽ ശ്രീ.തോമസ് കോശിയുടെയും സിസിലി തോമസിന്റെയും മൂന്ന് മക്കളിൽ മുതിർന്നവനായി 1993 മെയ് 18-ാം തീയതിയായിരുന്നു അലൻതോമസിന്റെ ജനനം. തുടർന്ന് രാമക്കൽമേട് സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ചു. തന്റെ പ്രാഥമിക വിദ്യാഭ്യാസം കല്ലാർ ഗവൺമെന്റ് സ്കൂളിൽ പൂർത്തിയാക്കിയ അദ്ദേഹം 2008 ജൂൺമാസം തിരുവല്ലാ ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. പിന്നീട് കർണ്ണാടകയിലെ നൂജിബാൽത്തില സ്കൂളിൽ ഹയർ സെക്കണ്ടറി പഠനവും, ആലുവ തപോവനം ധർമ്മശിഷ്യാലയത്തിൽ ധർമ്മശിഷ്യപദവും പൂർത്തിയാക്കി. 2012 മെയ് 23-ാം തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തി. ബാംഗ്ലൂർ ധർമ്മാരാം സെമിനാരിയിൽ നിന്ന് തത്വശാസ്ത്രപഠനവും ഒരു വർഷത്തെ പ്രായോഗിക പരിശീലനം തിരുവല്ല, ചിറയ്ക്കൽ ബഥനി ആശ്രമങ്ങളിലും പൂർത്തിയാക്കിയ അദ്ദേഹം തന്റെ മൂന്നരവർഷ ദൈവശാസ്ത്രപഠനം പൂനാ ജെ.ഡി.വി.യിലും ബി.വി.പിയിലും പൂർത്തിയാക്കി.

അലൻ തോമസ് അച്ചൻ പ്രാർത്ഥനയുടെയും കരുതലിന്റെയും സ്നേഹത്തിന്റെയും നർമ്മത്തിന്റെയും അരൂപി നിറഞ്ഞ വ്യക്തിയാണ്. തന്നെ ഏൽപിക്കുന്ന ഏതൊരു കാര്യവും സ്വതസിദ്ധമായ ശൈലിയിലൂടെ ചെയ്തു പൂർത്തിയാക്കുന്ന അദ്ദേഹം തന്റെ സ്വതസിദ്ധമായ വ്യക്തിവൈഭവത്തിലൂടെ ഏവരുടെയും മനം കവരുന്നയാളാണ്. തന്റെ ജീവിതത്തിലൂടെയും പ്രവർത്തനശൈലിയിലൂടെയും ബഥനി സമൂഹത്തിനും ദൈവജനത്തിനും കൊച്ചച്ചൻ എന്നും അനുഗ്രഹമായിരിക്കും

www.malankaralibrary.com

എന്നതിന് സംശയമില്ല. ഏറ്റെടുക്കുന്ന കാര്യങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടും സന്യാസ നിഷ്ഠയോടുംകൂടി എത്ര തന്നെ ത്യാഗം സഹിച്ചും പൂർണ്ണവിജയത്തിലെത്തിക്കുവാൻ അലൻ അച്ചൻ പ്രകടിപ്പിക്കുന്ന ഉത്സാഹം അച്ചൻ ശുശ്രൂഷാ ജീവിതത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നു. പഠനമേഖലയിൽ തന്റെ കഴിവിനെ പൂർണ്ണമായി ഉപയോഗിച്ച് പഠിച്ച് ഉന്നതവിജയം കരസ്ഥമാക്കുന്നതിനും അദ്ദേഹം തീവ്രമായി പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിരുന്നു.

ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുകയും അടുത്തറിയുകയും ചെയ്യുന്ന ബഹുമാനപ്പെട്ട അലൻ തോമസ് അച്ചൻ തീർച്ചയായും ബഥനിക്ക് മുതൽക്കൂട്ടാണ്. നിരാശയുടെ മരുഭൂമിയിൽ പ്രത്യാശയുടെ മരുപ്പച്ച തീർക്കാൻ, വേദനിക്കുന്ന ഹൃദയങ്ങളിൽ സന്തോഷത്തിന്റെ മഴവില്ലു വിരിയിച്ചു ദൈവസ്നേഹത്തിന്റെ നീർച്ചാലായി മാറാൻ കൊച്ചച്ചൻ ദൈവത്താൽ അയയ്ക്കപ്പെടുമ്പോൾ തന്നിൽ ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളേയും ദൈവഹിതത്തിനു ചേർന്ന നടപടികളേയും കാര്യക്ഷമതയോടെ നടത്തുവാൻ വേണ്ട കൃപാവരം സർവ്വശക്തനായ ദൈവം നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് പൗരോഹിത്യ ജീവിതത്തിൽ സന്തോഷവും ഐശ്വര്യവും ദൈവം നിറയ്ക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു. ■

**"എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ, അപ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കും."**

**(യോഹന്നാൻ 12:26)**

www.malankaralibrary.com

# പൗരോഹിത്യത്തിന്റെ ആഗോളവത്കരണം

**ഫാ.ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.**
(റെക്ടർ, ബഥനി ആശ്രമം, പൂനാ)

ആഗോളവത്കരണം ആധുനിക യുഗത്തിലെ അനിഷേധ്യ പ്രതിഭാസമാണ്. പ്രാദേശികമായവയ്ക്ക് ദേശീയവും ദേശീയമായവയ്ക്ക് അന്തർദ്ദേശീയവുമായ മാനങ്ങൾ കൈവരുന്ന ഒരു പൊതുബോധ രൂപീകരണ പ്രതിഭാസമാണിത്. ഇത് പ്രധാനമായി മൂന്ന് തലത്തിലാകാം: സാമ്പത്തികം, സാംസ്കാരികം, രാഷ്ട്രീയം. സാംസ്കാരികത്തിൽ മതാത്മകതയെ നമുക്ക് ഉൾപ്പെടുത്താം. മതാത്മകത സ്വത്വാധിഷ്ഠിതമാണ്. അതായത് ദേശ, വർഗ, വർണവുമായിട്ടാണ് അത് ബന്ധപ്പെട്ടു കിടക്കുന്നത്. അതുകൊണ്ട് പൗരോഹിത്യ പാരമ്പര്യവും സ്വത്വാധിഷ്ഠിതമാണ്. ഓരോ ഗോത്രവർഗങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ആവൃതിയിലാണ് അതാതിന്റെ തനതായ പൗരോഹിത്യ പാരമ്പര്യം രൂപംകൊണ്ടത്. ബ്രാഹ്മണ്യവും ലേവി പൗരോഹിത്യവുമെല്ലാം അതാത് വർഗത്തിന്റെ സ്വത്വബോധത്തിൽ ഒതുങ്ങി നിന്നു. പൗരോഹിത്യത്തിന് മാറ്റാൻ പറ്റാത്ത അതിർവരമ്പുകൾ നിശ്ചയിച്ചിരുന്നു. ഒരു ഗോത്രത്തിൽപ്പെട്ട ഇന്ന വംശജർ അല്ലെങ്കിൽ ഇന്ന ജാതിയിൽപ്പെട്ടവർ മാത്രമേ പുരോഹിതരാകാൻ പാടുള്ളൂ എന്നുള്ള പാരമ്പര്യങ്ങളും നിയമങ്ങളും അക്ഷരംപ്രതി പാലിച്ചുപോന്നു. ഈ ഒരു പശ്ചാത്തലത്തിൽവേണം ക്രിസ്തീയ പൗരോഹിത്യത്തിന്റെ സാമൂഹ്യവിപ്ലവത്തെ വിലയിരുത്താൻ. പൗരോഹിത്യത്തിന്റെ സ്വത്വാധിഷ്ഠിത അതിർവരമ്പുകൾ ഭേദിച്ച ഈ സാമൂഹ്യവിപ്ലവത്തെ പൗരോഹിത്യത്തിന്റെ ആഗോളവത്കരണം എന്ന് നമുക്ക് വിശേഷിപ്പിക്കാം.

യേശു തന്റെ ബലിയിലൂടെ പഴയതിൽനിന്നും വ്യത്യസ്തമായി ഒരു പുതിയ പൗരോഹിത്യസംസ്കാരത്തിന് ആരംഭം കുറിച്ചു. ഏതെങ്കിലും ഒരു പ്രത്യേക ജാതിയുടെയോ കുലത്തിന്റെയോ വംശത്തിന്റെയോ കുത്തകയായിരുന്നു പൗരോഹിത്യം. എന്നാൽ യേശു തന്റെ നിത്യപൗരോഹിത്യത്തിൽ പങ്കാളികളാകുവാൻ തിരഞ്ഞെടുത്തത് സമൂഹത്തിലെ എളിയവരെയും താണവരെയും പ്രത്യേകം കുലമഹിമ അവകാശപ്പെടാനില്ലാത്തവരെയുമാണ്. മുക്കുവരും ചുങ്കക്കാരുമൊക്കെ അതിൽപ്പെടുന്നവരാണല്ലോ. യേശു തുടങ്ങിവച്ച ഈ പൗരോഹിത്യ സംസ്കാരിക വിപ്ലവം ഇന്നും ക്രിസ്തുമതത്തിൽ തുടരുന്നു.

www.malankaralibrary.com

ദൈവത്താൽ വിളിക്കപ്പെട്ട ഏതൊരാൾക്കും, അയാൾ ലോകത്തിന്റെ ഏതു കോണിൽപ്പെട്ട ഏതു വംശത്തിലോ, വർഗത്തിലോ, ജാതിയിലോ ഉള്ളവരാണെങ്കിലും, യേശുവിന്റെ പൗരോഹിത്യത്തെ പുൽകാനുള്ള ഭാഗ്യമുണ്ട്. വിജാതീയരെന്നോ ജാതീയരെന്നോ, ആദിവാസികളെന്നോ പരിഷ്കൃതരെന്നോ, ഉന്നതകുലരെന്നോ നിമ്നകുലരെന്നോ വ്യത്യാസമില്ലാതെ ആർക്കുവേണ്ടിയും യേശു തന്റെ പൗരോഹിത്യത്തിന്റെ വാതായനങ്ങൾ തുറന്നിട്ടിരിക്കുന്നു. ഇത് ഒരു ആത്മീയ വിപ്ലവം മാത്രമല്ല, സാമൂഹ്യവിപ്ലവം കൂടിയാണ്. പൗരോഹിത്യപദവിയ്ക്ക് മനുഷ്യൻ ഏർപ്പെടുത്തിയ അതിർവരമ്പുകൾ യേശു വെട്ടിനിരത്തി. ഇത് സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഉച്ചാടനം ചെയ്യാൻ ഉതകുന്ന ഒരു സാമൂഹ്യ വിപ്ലവത്തിന് വഴി തുറന്നിട്ടു. ഇന്ന് തിരുസഭയ്ക്ക് ലോകത്തിലെ എല്ലാ വംശ, ജാതി, വർഗങ്ങളുടെയും ഇടയിലേക്ക് ഇറങ്ങിച്ചെല്ലാനും അവിടെയൊക്കെ ദൈവരാജ്യത്തിന്റെ മൂല്യങ്ങളിൽ അധിഷ്ഠിതമായ വലിയ സാമൂഹ്യപരിവർത്തനത്തിന് ചുക്കാൻ പിടിക്കാനും സാധിക്കുന്നത് യേശു തുടങ്ങി വച്ച ഈ പൗരോഹിത്യ സംസ്കാരം വഴിയാണ്. പൗരോഹിത്യത്തിന്റെ ഈ ആത്മീയ ആഗോളവത്കരണത്തിലൂടെ തിരുസഭ എല്ലാ സംസ്കാരങ്ങളെയും ഉൾക്കൊള്ളുന്ന ഒരു മഹാസംഗമവേദിയായി തീരുന്നു.

കത്തോലിക്കാസഭയുടെ പ്രാദേശികമോ അന്തർദേശീയമോ ആയ ഒരു സുന്നഹദോസ് കൂടുമ്പോൾ അതിൽ സംബന്ധിക്കുന്ന മെത്രാന്മാരും വൈദികരും അനേകം ഗോത്ര വർഗ വംശങ്ങളിൽപ്പെട്ടവരാണ്. വർഗരഹിത സമൂഹസൃഷ്ടിയുടെ വീരവാദങ്ങൾ മുഴക്കുന്ന പൊള്ളയായ പ്രത്യയശാസ്ത്രങ്ങളുടെ പുറംപൂച്ചിൽ നിന്ന് വ്യത്യസ്തമായി, പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളുടെ പ്രായോഗികതയാണ് നാം ഇവിടെ കാണുന്നത്. ദേശ, വംശങ്ങൾക്കതീതമായി പൗരോഹിത്യത്തിന്റെ പുണ്യചരടിൽ ജനപദങ്ങൾ കോർത്തിണക്കപ്പെടുന്നു. വർഗ, വംശങ്ങൾക്കതീതമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വളരാനും പുരാതന മതങ്ങൾക്ക് തടസമായി നിന്നിട്ടുള്ളതും നിൽക്കുന്നതും ജാതിവ്യവസ്ഥയിലോ വംശപാരമ്പര്യത്തിലോ അധിഷ്ഠിതമായ പൗരോഹിത്യ വീക്ഷണമാണ്. ഈ വീക്ഷണത്തെത്തന്നെ യേശു തന്റെ പൗരോഹിത്യ കർമ്മകാണ്ഡത്തിലൂടെ പൊളിച്ചെഴുതുന്നു. ഈ പൊളിച്ചെഴുത്ത് യേശുവിന്റെ ഓരോ വചനങ്ങളിലും വൃത്തികളിലും പ്രകടമാണ്.

കർമ്മാനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടന്ന പൗരോഹിത്യത്തെ ധർമ്മാനുഷ്ഠാനങ്ങളുടെ വിശാലതയിലേക്ക് യേശു കൊണ്ടു വരുന്നു.

www.malankaralibrary.com

കർമ്മാനുഷ്ഠാന വിധികൾ ഈശ്വരസാക്ഷാത്കാരത്തിനുള്ള ധർമ്മാനുഷ്ഠാന ത്വരയിലേക്കു നയിക്കുന്ന മാർഗങ്ങൾ മാത്രമാണ്. പക്ഷേ മാർഗങ്ങൾ പലപ്പോഴും ലക്ഷ്യങ്ങളായി മാറുന്നു. പേടിപ്പെടുത്തുന്ന ദൈവത്തെ പ്രീതിപ്പെടുത്തുന്നതാണ് പൗരോഹിത്യത്തിന്റെ പരമമായ ധർമ്മമെന്നു കരുതി. അതിനുതകുന്ന ആചാരാനുഷ്ഠാനങ്ങളും അതിനെ പിന്താങ്ങുന്ന നിയമങ്ങളും പൗരോഹിത്യത്തെ അനുഷ്ഠാന പ്രധാനമാക്കി. ഈ അനുഷ്ഠാനപരതയെ (cultism) യേശു അടിമുടി എതിർക്കുന്നു. യേശു പറയുന്നു: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ടുപോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ 5:2-24). സാബത്താചരണവുമായി ബന്ധപ്പെട്ട് യേശു പറയുന്നു: "ദേവാലയത്തേക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്. ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം മനസിലാക്കിയിരുന്നെങ്കിൽ നിങ്ങൾ നിരപരാധരെ കുറ്റം വിധിക്കുമായിരുന്നില്ല" (മത്താ 12:6-7). ബലിയർപ്പണം മുടങ്ങാതിരിക്കാൻ മുറിവേറ്റു കിടന്നവന്റെ മറുവശത്തുകൂടി മറികടന്നു പോയ പുരോഹിതന് നല്ല അയൽക്കാരനാകാൻ കഴിയാതെ പോയ ഉപമ അനുഷ്ഠാനപരതയ്ക്കേറ്റ അടിയായിരുന്നു. പുരോഹിതനാൽ അറുക്കപ്പെടുന്ന ബലിമൃഗത്തിന്റെ അലർച്ചയുടെ സ്ഥാനത്ത് പുരോഹിതൻതന്നെ അറുക്കപ്പെട്ടുകൊണ്ട് അരുളിച്ചെയ്തു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34).

യേശു പൗരോഹിത്യത്തെ രമ്യതയുടെ ശുശ്രൂഷയാക്കി; യേശു പൗരോഹിത്യത്തിന് കരുണയുടെ മുഖം നൽകി; യേശു പൗരോഹിത്യ ശുശ്രൂഷയെ നല്ല ശമറിയാക്കാരന്റെ നന്മയിലേക്കു തിരിച്ചു; യേശു പൗരോഹിത്യ സമർപ്പണത്തെ കുരിശിന്റെ ത്യാഗത്തിലും താഴ്മയിലും ബന്ധിച്ചു. യേശുവിന്റെ ഈ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നതാണ് ഒരു പുരോഹിതന്റെ ധർമ്മം. ഈ ധർമ്മാനുഷ്ഠാനത്തെയാണ് യേശു കർമ്മാനുഷ്ഠാനങ്ങൾക്ക് ഉപരിയായി പ്രതിഷ്ഠിച്ചത്. മേല്പറഞ്ഞ ധർമ്മമനുഷ്ഠിക്കാൻ തയ്യാറായി വരുന്ന ഏതൊരാൾക്കും ജാതിയെന്നോ, വർഗമെന്നോ, കുലമെന്നോ വേർതിരിവില്ലാതെ, യേശുവിന്റെ പുരോഹിതനാകാം. പൗരോഹിത്യത്തിന്റെ ഈ വിശാലതയാണ്, ആഗോളപരതയാണ് ക്രിസ്തീയതയെ ലോകത്തിന്റെ എല്ലാ മുക്കിലും

www.malankaralibrary.com

മൂലയിലും എത്തിച്ചത്. ഇത് വെറുമൊരു ആത്മീയ വിപ്ലവം മാത്രമായിരുന്നില്ല, സാമൂഹ്യവിപ്ലവം കൂടിയായിരുന്നു. സമൂഹത്തിൽ അസ്പൃശ്യരും അവഗണിക്കപ്പെട്ടവരും അടിച്ചമർച്ചത്തപ്പെട്ടവരുമായവർ പൗരോഹിത്യത്തിലൂടെ നേതൃസ്ഥാനത്തേക്കു വന്നു. അവർ വഴി സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഉച്ചാടനം ചെയ്യപ്പെട്ടു; അവർവഴി സാമ്പത്തിക, സാംസ്കാരിക വിപ്ലവങ്ങൾ ഉണ്ടായി; അജ്ഞതയുടെ അന്ധകാരത്തിലേക്ക് തള്ളിയിടപ്പെട്ടവർക്കായി അവരിലൂടെ വിദ്യാലയത്തിന്റെ വാതായനങ്ങൾ തുറക്കപ്പെട്ടു; പുറംജാതിക്കാരെന്ന് പറഞ്ഞ് പുറന്തള്ളിയവരെ അവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. ക്രിസ്തീയ പൗരോഹിത്യം തുടങ്ങിവച്ച അറിവിന്റെയും സാംസ്കാരിക സമ്പന്നതയുടെയും മാനുഷികമൂല്യങ്ങളുടെയും ആഗോളവത്കരണവും സാമൂഹ്യവിപ്ലവവും ലോകമെങ്ങും പടർന്നു പിടിച്ചു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് വിവിധ രാജ്യങ്ങളിലും മതങ്ങളിലും പരിവർത്തന പ്രസ്ഥാനങ്ങളും, എന്തിനേറെ, രാഷ്ട്രീയപ്രത്യയ ശാസ്ത്രങ്ങൾ പോലും രൂപംകൊണ്ടത്. ബലിവേദികൾ അനീതിക്കും അസമത്വത്തിനും അഴിമതിക്കും അക്രമത്തിനും എതിരെ പ്രതികരിക്കുന്ന പൗരോഹിത്യ പുരോസ്ഥാനങ്ങളായി മാറി. വിമോചനദൈവശാസ്ത്രത്തിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളിൽ അനേകം പുരോഹിതരുടെ ജീവൻ ബലിയർപ്പിക്കപ്പെട്ടു. മാനുഷിക മൂല്യങ്ങളുടെ മാഗ്നാകാർട്ടകൾ യുണൈറ്റഡ്നേഷൻ പോലുള്ള ആഗോളവേദികളിൽ എത്തിച്ചത് പള്ളികളോടു ചേർന്നുള്ള പള്ളിക്കൂടങ്ങളാണ്. പള്ളികളിലെ പൂജാപീഠങ്ങളിൽനിന്നിറങ്ങിവന്ന പുരോഹിതരാണ് അതിന് നേതൃത്വം കൊടുത്തത്.

സമ്പത്തിന്റെ ആഗോളവിതരണത്തിലും കത്തോലിക്കാ പുരോഹിതർ വലിയൊരു പങ്കാണ് വഹിക്കുന്നത്. ആഫ്രിക്കയിലുള്ള പട്ടിണി യൂറോപ്പിലുള്ള ഒരു പുരോഹിതന്റെ പട്ടിണിയായി മാറി. ലോകത്തിന്റെ എന്തെങ്കിലും കോണിലുള്ള ദാരിദ്ര്യവും പട്ടിണിയും അവികസനവും മറ്റേതെങ്കിലും കോണിലുള്ള പുരോഹിതനെ അലട്ടുന്ന പ്രശ്നങ്ങളായി തീരുന്നു. ബലിപീഠത്തിലർപ്പിക്കുന്ന വിധവയുടെ ചില്ലിക്കാശുകൾ പുരോഹിതനിലൂടെ ലോകത്തിലെ ഏറ്റവും അർഹരായവരിലേക്കും ആവശ്യക്കാരിലേക്കും ഒഴുകിയെത്തി. അങ്ങനെ പൗരോഹിത്യത്തിന്റെ കാരുണ്യസ്പർശം അനേകരുടെ വിശപ്പടക്കി, അനേകർക്ക് പുതുജീവൻ നൽകി.

www.malankaralibrary.com

അറിവിന്റെ ആഗോളവത്കരണമാണ് പൗരോഹിത്യത്തിന്റെ ആഗോളവത്കരണത്തിലൂടെ നടന്ന മറ്റൊരു സാമൂഹ്യവിപ്ലവം. ഉദാഹരണമായി, സുവിശേഷപ്രചരണാർത്ഥം ഇന്ത്യയിൽ വന്ന വിദേശമിഷണറിമാരുടെ കർമ്മമണ്ഡലം ബലിപീഠത്തിലെ കർമ്മാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. അവരുടെ അറിവിന്റെ ലോകം തദ്ദേശീയർക്കായി തുറന്നിടുകയും തദ്ദേശീയ വിജ്ഞാനശാഖകളിൽ അവർ ഗവേഷണങ്ങൾ നടത്തുകയും ചെയ്തു. തത്ഫലമായി പല ഇന്ത്യൻ ഭാഷകൾക്കും ലിപികളും നിഘണ്ടുകളും ലഭിച്ചു. അങ്ങനെ അറിവിന്റെ ആഗോളപരസ്പര കൈമാറ്റം നടന്നു. ഇന്നു നാം കാണുന്ന ആധുനിക സാങ്കേതിക വിദ്യകളും ശാസ്ത്രവുമെല്ലാം പുരോഹിതരിലൂടെ ലോകമെമ്പാടും നടന്ന അറിവിന്റെ ആഗോള കൈമാറ്റത്തിന്റെ ഉല്പന്നങ്ങളാണ്.

മേല്പറഞ്ഞവയെല്ലാം യേശു തുടങ്ങിവച്ച പൗരോഹിത്യ സംസ്കാരത്തിന്റെ പുനരാവിഷ്കാരവും പ്രത്യക്ഷീകരണവുമാണ്. യേശു തന്റെ സമകാലിക പൗരോഹിത്യസംസ്കൃതിയെ പുനർനിർവചിച്ചു. "സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല'' (മർക്കോസ് 2:27) എന്ന് യേശു പറയുമ്പോൾ ആചാരങ്ങളിൽ ബന്ധിച്ചിട്ടിരുന്ന മനുഷ്യനെ സ്വതന്ത്രനാക്കുകയാണ് യേശു ചെയ്യുന്നത്. ഈ സ്വാതന്ത്ര്യത്തിന്റെ ലോകം സൃഷ്ടിക്കാനാണ് യേശു അഭിഷിക്തനായത്: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18,19). ഇതാണ് യേശു എന്ന അഭിഷിക്തന്റെ, പുരോഹിതന്റെ മാനിഫെസ്റ്റോ. ഈ മാനിഫെസ്റ്റോ നടപ്പിലാക്കാൻ സ്വയം ബലിയായി തീരേണ്ടി വന്നു. സുവിശേഷമൂല്യങ്ങൾക്കായി സ്വയം ബലിയർപ്പകനും ബലിവസ്തുവുമായി തീരുന്ന പുതിയ പൗരോഹിത്യസംസ്കാരം! ഈ സംസ്കാരം സ്വീകരിക്കുന്നതിന് ജാതി, വർഗ, വംശ, സ്വത്വസവിശേഷതകൾ തടസമല്ല.

ആത്മാവിൽ ദരിദ്രരായവരും ശാന്തശീലരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും പീഡനം ഏൽക്കുകയും ചെയ്യുന്നവരും കരുണയുള്ളവരും ഹൃദയവിശുദ്ധിയുള്ളവരും സമാധാനം സംസ്ഥാപിക്കു

www.malankaralibrary.com

ന്നവരുമായ ആർക്കും യേശുവിന്റെ പുരോഹിതരാകാം. ഈ സുവിശേഷഭാഗ്യങ്ങൾക്കായുള്ള ആത്മാർപ്പണമാണ് ഒരു ക്രൈസ്തവ പുരോഹിതനെ ദൈവരാജ്യത്തിന്റെ പ്രഥമ പൗരനാക്കുന്നത്. അല്ലാതെ കുലമഹിമയോ കുടുംബവാഴ്ചയോ ഉന്നതജാതീയത്വമോ ശ്രേഷ്ഠജന്മമോ, വംശാധിപത്യമോ പുരാപാരമ്പര്യമോ ഒന്നുമല്ല. പുറജാതീയനും വിജാതീയനും, ശൂദ്രനും ബ്രാഹ്മണനും, ആദിവാസിക്കും ആധുനികനും, കാട്ടുവാസിക്കും നാട്ടുവാസിക്കും, ചുങ്കക്കാരനും ഫരിസേയനും, മുക്കുവനും നിയമജ്ഞനും, യഹൂദനും യവനനും, റോമാക്കാരനും റഷ്യാക്കാരനും, ആഫ്രിക്കക്കാരനും അമേരിക്കക്കാരനും, ഇന്ത്യാക്കാരനും ഇംഗ്ലണ്ടുകാരനുമെല്ലാം യേശുവിന്റെ പുരോഹിതരാകാം. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കായി സുവിശേഷഭാഗ്യങ്ങളുടെ ബലിവേദിയിൽ സ്വയം ബലിയർപ്പകനും ബലിവസ്തുവുമാകണമെന്നുമാത്രം; യേശുവിന്റെ പൗരോഹിത്യസംസ്കാരം ഉൾക്കൊള്ളുന്ന പാരമ്പര്യത്തോട് ചേർന്നു നിൽക്കണമെന്നുമാത്രം.

വസ്തുത ഇതായിരിക്കെ പൗരോഹിത്യ പാരമ്പര്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പേരിൽ ക്രൈസ്തവസഭകൾക്കുള്ളിലും സഭകൾ തമ്മിലും തർക്കങ്ങളും വിവാദങ്ങളം വിഭജനങ്ങളും ഉണ്ടാകുന്നത് വൈരുദ്ധ്യമാണ്. സ്വന്തം അസ്തിത്വത്തെ നിഷേധിക്കുന്നതാണ്. കർമ്മാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായ പഴയ പൗരോഹിത്യത്തിന്റെ സ്ഥാനത്ത് ധർമ്മാനുഷ്ഠാനത്തിലധിഷ്ഠിതമായ പുതിയ പൗരോഹിത്യസംസ്കാരം യേശു തുടങ്ങിവച്ചത് വിഭജനത്തിനും വിഘടനത്തിനും അതീതമായ ഒരു ദൈവരാജ്യസൃഷ്ടിക്കുവേണ്ടിയാണ്. അത് എല്ലാ ജനപദങ്ങളെയും സംസ്കാരങ്ങളെയും ഉൾക്കൊള്ളുന്നതാണ്; മാമൂലുകൾക്കുപരി (ഉദാ.സാബത്ത്) മനുഷ്യമഹത്വത്തെ പ്രഘോഷിക്കുന്നതാണ്; മണ്ണിന്റെയും മാമോന്റെയും സ്ഥാനത്ത് മാംസഹൃദയം പ്രതിഷ്ഠിക്കുന്നതാണ്. അനുഷ്ഠാനപരതയുടെയും ആചാരവിധികളുടെയും അതിപ്രസരവും ആധിപത്യവും അന്ധവിശ്വാസങ്ങളും കേരളക്രൈസ്തവസഭകളിൽ പൗരോഹിത്യത്തെ യേശു തുടങ്ങിവച്ച വിപ്ലവാത്മകമായ പൗരോഹിത്യ സംസ്കാരത്തിൽനിന്ന് പുറകോട്ടടിക്കുന്നുവെന്ന് പറയാതെ വയ്യ. ദൈവപുത്രനായ യേശുവിലൂടെ വെളിപ്പെട്ട പൗരോഹിത്യസംസ്കൃതിയുടെ ആഗോളവത്കരണം ദൈവരാജ്യത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് വ്യാപിക്കേണ്ടതായിട്ടുണ്ട്; അതിലൂടെ പുതിയ ആകാശവും പുതിയ ഭൂമിയും പണിയുവാനുണ്ട്. ■

www.malankaralibrary.com

# ക്രിസ്തു ഭരമേൽപ്പിച്ചത്

ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

നമ്മുടെ മൂന്ന് അനുജന്മാർ പുരോഹിതരാകുന്നു. പ്രാർത്ഥനകൾ. ആശംസകൾ. നീണ്ട വർഷങ്ങളിലെ പരിശീലനത്തിനുശേഷം ഈ ആത്മീയ കർമ്മത്തിലേക്ക് അവരെ പിടിച്ച് ഉയർത്തിയ ദൈവത്തെ നമുക്ക് സമൂഹമായി മഹത്വപ്പടുത്താം. ക്രിസ്തു വിഭാവനം ചെയ്ത, സഭ വിഭാവനം ചെയ്യുന്ന, ദൈവജനം പ്രതീക്ഷിക്കുന്ന പൗരോഹിത്യ ജീവിതക്രമത്തിലെ നാല് അടിസ്ഥാന ദർശനങ്ങളെ പറ്റിയുള്ള വിശദീകരണമാണ് ലക്ഷ്യം. ഒരു നീണ്ടപഠനം അല്ല. ഇന്ന് നാം പൗരോഹിത്യത്തിൽ കാണുന്ന ജീർണ്ണതകളുടെയും വെല്ലുവിളികളുടെയും പശ്ചാത്തലത്തിലുള്ള ഒരു വിശകലനം ആണിത്. പൂർണ്ണമല്ല. ഒപ്പം വായിക്കുന്നവരുടെ ചിന്തകൾ കൂടിച്ചേർത്തുവച്ചാൽ പൂർണ്ണമാക്കാം. പുരോഹിതരായ, സമർപ്പിതരായ നമ്മൾ ഒരിക്കും ജീർണ്ണതയുടെയോ, തിരസ്കാരത്തിന്റെയോ, നിന്ദയുടേയോ, സാക്ഷികൾ ആകാനല്ലല്ലോ വിളിക്കപ്പെട്ടത്. അതുകൊണ്ട് നമ്മുടെ പൗരോഹിത്യധർമ്മത്തിൽ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത നാല് അടിസ്ഥാന തൂണുകളാണ്. അവൻ ഭരമേൽപ്പിച്ചതു മാത്രം രേഖപ്പെടുത്തുന്നു. മറ്റുള്ളതൊക്കെ പൗരോഹിത്യത്തിൽ നാം സൃഷ്ടിച്ചതാണ്. നാം സൃഷ്ടിച്ചതൊക്കെ നമ്മോടുകൂടെ അവസാനിക്കും. അവൻ ഏല്പിച്ചതോ നിത്യം നിലനിൽക്കും.

**ക്രിസ്തു ഭരമേൽപ്പിച്ചത്**

പുരോഹിതന്മാരുടെ നടപ്പും നടനവും ചിന്തയും കർമ്മവും സംസാരവും സമീപനങ്ങളും ഒക്കെ വസ്തുനിഷ്ഠമായി നാം വിലയിരുത്തിയാൽ അത് ആരുടേത് എന്ന സ്വാഭാവിക ചോദ്യം നമ്മിലുണരും. പഠനം അനുസരിച്ചും പഠിപ്പിക്കൽ അനുസരിച്ചും സാക്ഷ്യം അനുസരിച്ചും പൗരോഹിത്യം സഭയിലാണ്. ക്രിസ്തീയ പൗരോഹിത്യത്തിന് സഭയ്ക്കു പുറത്ത് വലിയ സ്ഥാനമാനങ്ങൾ ഇല്ല. ഇതിൽ നിന്ന് വിഭിന്നമായി സഭയിൽ നിന്നുകൊണ്ട് തന്നെ, സഭയുടെ പുറത്ത് പൗരോഹിത്യം ആഘോഷിക്കുന്ന ഒരു വലിയ അപകടം നാം ഇന്ന് കാണുന്നു. അത് കാലത്തിന്റെ പ്രത്യേകതയാണ്. കുടുംബത്തിന്റെ പശ്ചാ

www.malankaralibrary.com

ത്തല സ്വാധീനമാണ്. അണുകുടുംബങ്ങളുടെ സംഭാവന ആണ്. മാതൃകകളുടെ കുറവാണ്. പ്രസംഗവും പ്രവർത്തിയും തമ്മിൽ ബന്ധമില്ലാത്താണ്, എന്നൊക്കെയുള്ള ധാരാളം കാരണങ്ങൾ നിരത്തി യാഥാർത്ഥ്യത്തോട് രമ്യപ്പെടുന്ന രീതി സർവ്വസാധാരണം ആണ്. പത്ത്, പതിനാല് നീണ്ട വർഷങ്ങളിലെ പഠനവും പരിശീലനവും മാതൃകകളും ഒക്കെ ക്രിസ്തുവിനെ നോക്കാനും, ക്രിസ്തുവിൽ നിന്ന് പഠിക്കാനും ക്രിസ്തുവാണ് വിളിച്ചത് എന്ന് ബോധ്യപ്പെടുത്തുവാനുമുള്ള തീവ്രമായ ശ്രമം സഭയിൽ ഉണ്ട്. പുരോഹിതനാകുന്നതോടുകൂടി ഈ പഠിച്ച പാഠങ്ങളിൽ നിന്ന് അന്യമായി ജീവിക്കുന്ന സമീപനവും രീതികളും ശക്തമാണ്.

ക്രിസ്തു ഭരമേൽപ്പിച്ച ഒന്നാമത്തെ കാര്യം തന്നോടുകൂടി ആയിരിക്കുക എന്നതുതന്നെ. ശിഷ്യന്മാരെയും സകലജനത്തെയും ക്രിസ്തു മാടി വിളിച്ചത് ഈ ഒറ്റ കാര്യത്തിനാണ്. ക്രിസ്തുവിന്റെ രഹസ്യജീവിതത്തിന് സമാനമായ ഏതാണ്ട് പത്ത് പതിനാല് വർഷങ്ങൾ പുരോഹിതൻ അർഹിക്കേണ്ട ജീവിതക്രമത്തിന്റെ സകല മാനങ്ങളും അനുഭവവും സ്വന്തമാക്കി പരസ്യജീവിതത്തിന്റെ യാഥാർത്ഥ്യത്തിലേക്കാണല്ലോ പൗരോഹിത്യത്തിലൂടെ പുരോഹിതൻ പ്രവേശിക്കുക. ഈ പരിശീലന കാലം സത്യമായും വ്യക്തമായും പരസ്യജീവിതത്തിൽ യേശുവിനോടുകൂടെ ആയിരിക്കാൻ പുരോഹിത അർത്ഥിയെ സഹായിക്കുന്ന ബൗദ്ധിക ആത്മീയ ശാരീരിക പക്വതയുടെ അനുഭവം സ്വന്തമാക്കാനുള്ള ഒരുക്കമാണ്. താൻ അതിന് പാകം വന്നു എന്ന ബോധ്യം വരുമ്പോൾ ആണ് ഒരാൾ പുരോഹിതൻ ആകേണ്ടത്. പരിശീലനകാലത്ത് അർഹിക്കേണ്ട ഈ സത്യത്തിൽ വികലത ഉണ്ടെങ്കിൽ പൗരോഹിത്യജീവിതം മുഴുവൻ വികലമായതായിരിക്കും. മറുവാക്കിൽ പരിശീലന ഘട്ടത്തിൽ ക്രിസ്തുവിനോടുകൂടി ആയിരുന്ന്, ക്രിസ്തുവിനെ കേട്ട്, ക്രിസ്തുവിൽ നിന്ന് പഠിച്ച്, ക്രിസ്താനുകരണം ചിന്തയിലും കർമ്മത്തിലും സ്വന്തമാക്കിയവനുമാത്രം ക്രിസ്തു തന്നെ ഭരമേൽപ്പിച്ചത് തിരിച്ചറിയുവാൻ കഴിയുകയുള്ളു.

രഹസ്യജീവിതമാകുന്ന പരിശീലന കാലഘട്ടത്തിൽ ക്രിസ്തുവിനോടുകൂടി ജീവിച്ചവന് ഉള്ളതാണ് പൗരോഹിത്യം. പരിശീലനകാലത്ത് ക്രിസ്തുവിനെ ധ്യാനിച്ചവൻ, ക്രിസ്തു സ്ഥാപിച്ച സഭയിലെ യാമപ്രാർത്ഥനയിൽ ഉള്ളുകൊണ്ട് ഉൾച്ചേർന്നവൻ, അനുദിനം വി.കുർബാനയുടെ രഹസ്യങ്ങളെ ഉള്ളിൽ അഗ്നിയായി സ്വീകരിച്ച്

www.malankaralibrary.com

സ്വന്തമാക്കി കുർബാന ആയവന്, ക്രിസ്തു സ്ഥാപിച്ച കൂദാശകളുടെ ആത്മാവിനെ ഉൾക്കൊണ്ട് ആത്മീയ ഉണർവ്വ് നേടിയവന്, ക്രിസ്തുവിന്റെ വചനത്തിന്റെ മാധുര്യം അനുദിനം ആസ്വദിച്ച് വചനം മാംസം ആക്കിയവന്... ചുരുക്കത്തിൽ ക്രിസ്തുവിനോടുകൂടി ജീവിച്ചവൻ പൗരോഹിത്യത്തിലൂടെ ഈ ജീവിതസാക്ഷ്യത്തിന്റെ ഒളിമങ്ങാത്ത അനുഭവത്തിലേക്കാണ് പ്രവേശിക്കുന്നത്. പരിശീലന കാലഘട്ടത്തിൽ മുകളിൽ സൂചിപ്പിച്ച ക്രിസ്തുരഹസ്യജീവിതത്തിന്റെ ആത്മീയ തലങ്ങൾ ഉൾക്കൊള്ളാതെ, സ്വന്തമാക്കാതെ ആയുസ്സ് കളഞ്ഞുകുളിച്ചവനുള്ളതല്ല പൗരോഹിത്യം.

അന്നന്നുള്ള കാര്യങ്ങൾ നിയോഗം ഇല്ലാതെ ചെയ്ത് പരിശീലനഘട്ടം ലോകദൃഷ്ടിയിൽ പൂർത്തീകരിച്ചവനും പുരോഹിതനാകാം. പക്ഷേ ജീവിതകാലം മുഴുവൻ പുരോഹിതവേഷം ധരിച്ച് പൗരോഹിത്യകർമ്മങ്ങൾ അനുഷ്ഠിച്ച് ജീവിച്ചതുകൊണ്ട് മാത്രം ഒരാൾ അടിസ്ഥാനപരമായി ക്രിസ്തുവിന്റെ പൗരോഹിത്യജീവിതത്തിന് സാക്ഷി ആകണം എന്നില്ല. ക്രിസ്തുവിൽ നാം കാണുന്ന ക്രിസ്തുവിൽ നിന്ന് സഭ പഠിച്ച "പൗരോഹിത്യത്തിന്റെ ഉൾക്കാഴ്ച" കൂടെ ആയിരിക്കുന്നതിലാണ്. കുർബാനയിൽ, പ്രാർത്ഥനകളിൽ, കൂദാശസമർപ്പണത്തിൽ ഒക്കെ യേശുവിനോടുകൂടെ ആയിരിക്കുന്നവർക്കുള്ളതാണ് പൗരോഹിത്യം. അത് കർമ്മം ചെയ്തത് പൂർത്തീകരിക്കാനുള്ളതല്ല. കർമ്മത്തെ അതിലംഘിക്കുന്ന ആത്മസമർപ്പണം വിളിച്ചവനോടൊത്ത് പൂർത്തിയാക്കേണ്ടതാണെന്ന് സാരം. സഭയിലും സമൂഹത്തിലും ഇന്ന് പൗരോഹിത്യം സ്വീകരിക്കപ്പെടുന്നില്ല എങ്കിൽ അതിന്റെ മൂലകാരണം പുരോഹിതൻ വിളിച്ചവനോടൊപ്പം ജീവിക്കുന്നില്ല. വിളിച്ചവന് സാക്ഷ്യം നൽകുന്നില്ല. വിളിച്ചവന്റെ സന്ദേശങ്ങൾക്കും പഠിപ്പിക്കലുകൾക്കും പ്രാധാന്യം കൊടുക്കുന്നില്ല. നമ്മുടെ മൂന്ന് സഹോദരങ്ങൾ പൗരോഹിത്യജീവിതത്തിലേക്കു കടക്കുമ്പോൾ പുരോഹിതരായ നമ്മൾ ആരുടെ കൂടിയാണ് വസിക്കുന്നത് എന്ന് ആത്മാർത്ഥമായി വിശകനം ചെയ്യുകയും തിരികെവന്ന് അവനോടുകൂടെ വസിക്കാൻ തീരുമാനം എടുക്കുകയും വേണം.

**ദൈവരാജ്യസാക്ഷി**

പുരോഹിതരെ ക്രിസ്തു ഭരമേൽപ്പിച്ചത് രണ്ടാമതായി ലോകത്തിൽ ദൈവരാജ്യത്തിന് സാക്ഷിയാകാനാണ്. സ്നാപകയോഹന്നാ

www.malankaralibrary.com

നിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിച്ച്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, പിതാവിനാൽ സ്വീരികരിക്കപ്പെട്ട് പരസ്യജീവിതത്തിന് ക്രിസ്തു ഇറങ്ങിയത് ഈ ഒറ്റ കാര്യത്തിന്റെ പൂർത്തീകരണത്തിനായിരുന്നു. സമാന്തര സുവിശേഷകർ ഒക്കെ ഒരുപോലെ ക്രിസ്തുവിന്റെ പരസ്യജീവിതാരംഭത്തെ അവതരിപ്പിക്കുന്നത് ഈ സ്വർഗ്ഗരാജ്യത്തെപ്പറ്റിയുള്ള ഓർമ്മപ്പെടുത്തലായിട്ടാണ്. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പിതാവിന്റെ രാജ്യം ആണ് സ്വർഗ്ഗരാജ്യം. ആ രാജ്യത്തിന്റെ ശക്തി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലാണ്. ദൈവരാജ്യം ആത്യന്തികമായി വി.ത്രിത്വത്തിലുള്ള ജീവിതം ആണ്. പുരോഹിതൻ ഭൂമിയിൽ ദൈവരാജ്യത്തിന്റെ സാക്ഷിയാണ് എന്നതിന്റെ അർത്ഥം തന്റെ ജീവിതത്തിലൂടെ, വി.ത്രിത്വത്തെ ലോകത്തിൽ സംലഭ്യമാക്കണം. ഈ ഒറ്റ സേവനമാണ്, ശുശ്രൂഷയാണ് ആത്യന്തികമായി പുരോഹിതന് ഭൂമിയിൽ നിർവ്വഹിക്കാനും പൂർത്തീകരിക്കാനുമുള്ളത്.

പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്നവന്റെ ഏക ആശ്രയവും, തന്റെ സമൂലമായ പ്രവർത്തനങ്ങളും താൻ ദൈവരാജ്യ സാക്ഷിയാവുക എന്നുള്ളതാണ്. സാക്ഷ്യം പറയാനല്ല, പറയുന്ന സാക്ഷ്യം സ്വജീവിതത്തിലൂടെ കാണിച്ച് ത്രിത്വത്തെ ആഘോഷിക്കാനാണ് താൻ പുരോഹിതനാകുന്നത്. സമർപ്പണത്തിന്റെ ശ്രേഷ്ഠതയിൽ ഈ ഒരു നിയോഗത്തെ ജീവനുള്ളതാക്കുകയാണ് തന്റെ ശുശ്രൂഷകൾ. ഇതിൽനിന്നും അന്യമായ അനുഭവം ആണല്ലോ നാം കാണുക. ദൈവരാജ്യത്തിന്റെ പേരിൽ ചെയ്യുന്ന 90% കർമ്മങ്ങളും ദൈവരാജ്യവുമായി കുലബന്ധം പോലും ഇല്ലാത്തതാണ്. ദൈവശാസ്ത്രവും തത്വശാസ്ത്രവും ഒക്കെ പഠിച്ചതുകൊണ്ട് ചെയ്യുന്നതൊക്കെ "ദൈവരാജ്യസേവനം"ആയി പറഞ്ഞ്, കരുതി സംതൃപ്തി അടയുക പൗരോഹിത്യത്തിന്റെ സത്താപരമായ സമർപ്പണത്തിന് ചേർന്നതല്ല. കർത്താവിന്റെ ആത്മാവിനെ പൗരോഹിത്യത്തിലൂടെ ഉള്ളിൽ ആവാഹിച്ചവർ ചെയ്യേണ്ടത് ദരിദ്രരോടുള്ള, അവർക്കുവേണ്ടിയുള്ള സുവിശേഷമാവുകയാണ്, അടിച്ചമർത്തപ്പെട്ടവരോടുള്ള പക്ഷം ചേരൽ, അവർക്കുവേണ്ടിയുള്ള ജീവിതം, അവരെ സമഗ്രമായ സ്വാതന്ത്ര്യത്തിലേക്കു നയിക്കുക, ഇരുട്ടിൽ വസിക്കുന്നവർക്ക് പ്രകാശമാവുക, അന്ധമായ അനുഭവത്തിൽ കഴിയുന്നവരെ കൈപിടിച്ച് ഉയർത്തുക..... ഒക്കെ ഒക്കെ പൂർത്തീകരിക്കാനാണല്ലോ വിളിച്ചവൻ ആഗ്രഹിക്കേണ്ടത് (ലൂക്കാ 4:18-19).

www.malankaralibrary.com

ഈ പറഞ്ഞ കാര്യങ്ങൾ ഒഴികെ എന്തു ചെയ്താലും അത് ദൈവ രാജ്യസാക്ഷ്യമാകില്ല. ചെയ്യേണ്ട കർമ്മത്തിന് പകരം മറ്റൊന്ന് ചെയ്താൽ ശരിയാകുമോ? അപ്പോൾ നമ്മുടെ പൗരോഹിത്യജീവിതത്തിൽ നാം ഇന്നു ചെയ്യുന്ന നല്ല ഒരു ശതമാനം കർമ്മങ്ങളും ദൈവ രാജ്യസാക്ഷ്യം പൂർത്തീകരിക്കാൻ കഴിയില്ല. ദൈവരാജ്യപ്രാപ്തിക്ക് ഉതകുന്നതല്ലെന്ന് സത്യം. നമ്മുടെ സഭയുടെ അപ്പസ്തോലിക പ്രവർത്തനങ്ങളെ ഒക്കെതന്നെ ആദ്യനിയോഗത്തിൽ ഈ ദൈവ രാജ്യസാക്ഷ്യം ലക്ഷ്യമാക്കിയുള്ളതായിരുന്നു. കാലക്രമേണ ലക്ഷ്യം മറന്നു എന്നു മാത്രം. ലക്ഷ്യം മറന്നാൽ പുരോഹിതൻ ദൈവരാജ്യം സാക്ഷിയാകില്ല. ആയതിനാൽ ബഥനി നൂറ്റി ഒന്നാം വർഷത്തിലേക്കു കടന്നിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ അപ്പസ്തോലിക പ്രവർത്തനങ്ങളെ ആകെത്തുക ഈ ദൈവരാജ്യസാക്ഷ്യം ആണോ എന്ന് ചിന്തിക്കുന്നത് ക്രിസ്തീയം ആണ്. നമ്മുടെ സ്ഥാപനങ്ങൾ, നമ്മുടെ പ്രവർത്തനങ്ങൾ, നമ്മുടെ ജീവിതം ഒക്കെ ദൈവരാജ്യസാക്ഷ്യത്തിനുയോജ്യമാക്കാനുള്ള നിയോഗം മറ്റാർക്കുമല്ല നമുക്ക് തന്നെയാണ് യേശു നൽകിയിരിക്കുക. എല്ലാവരും ചെയ്യുന്നതുപോലെ നാമം പേരിനും പ്രശസ്തിക്കും സ്ഥാനത്തിനും സാമ്പത്തിക ഭദ്രതയുടേയും പേരിൽ ചെയ്യുന്ന കർമ്മങ്ങൾ ഒന്നുംതന്ന ദൈവരാജ്യസാക്ഷ്യം അല്ല. എതിർ സാക്ഷ്യം നൽകുന്നതാണ്. എതിർസാക്ഷ്യത്തിന്റെ രോദനം അതുകൊണ്ടു നാം ആവോളം കേൾക്കുകയും സ്വയം കരയുകയും ചെയ്യുന്നുണ്ടല്ലോ. പൗരോഹിത്യത്തിന്റെ അടിസ്ഥാന നിയോഗമായ ദൈവരാജ്യസാക്ഷ്യത്തോട് കുറച്ചുകൂടി ക്രിയാത്മകവും അതേസമയം തന്നെ ആത്മാർത്ഥവുമായ ഒരു സമീപനം സ്വീകരിച്ചാൽ നമ്മുടെ അടിസ്ഥാന നിയോഗമായ ക്രിസ്തുവിന്റെ പുരോഹിത സാക്ഷികളായി സാക്ഷ്യം നൽകി ജീവിതം പൂർത്തിയാക്കാം.

**അനുതപിക്കുവിൻ...**

അനുതാപം ആത്മബലം തന്നെ. പൗരോഹിത്യജീവിതത്തെപ്പറ്റി നാം വിശകലനം ചെയ്യുമ്പോൾ ഇന്ന് എന്നത്തെക്കാൾ ഉപരി പൗരോഹിത്യജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ട ഒരു ആത്മീയ അനുഭവം ആണ് അനുതാപം. പൗരോഹിത്യ ജീവിതത്തിൽ നാം കാണുന്ന സകല തിന്മകളുടേയും കാരണം അനുതാപമില്ലാത്തതുതന്നെ. യേശു തന്റെ രാജ്യത്തിലേക്ക് ക്ഷണിച്ചവർ ചെയ്യേണ്ട ഏക കാര്യം അനുതപിക്കുക

www.malankaralibrary.com

എന്നുള്ളതാണ്. അനുതപിച്ച് ദൈവവചനത്തിന് തന്നെ തന്നെ സമർപ്പിക്കുക. പരിശീലനകാലത്തും പുരോഹിതനായതിനുശേഷവും പൗരോഹിത്യജീവിതത്തിൽ നാം വളരെ വിരളമായി ദർശിക്കുന്ന ഒന്നാണ് അനുതാപ ചിന്തകൾ. അഹങ്കാരികൾ കൂടുന്നു. അഹങ്കാരിക്ക് അനുതപിക്കാൻ കഴിയുമോ? ധിക്കാരം അതിന്റെ സകല തിന്മകളോടും അടക്കി വാഴുന്നു. ഉന്നതമായ സ്ഥാനം പേറുന്നവൻ അനുതപിക്കുമോ. ലൗകായതികത്വം അതിന്റെ പൂർണ്ണതയിൽ അടക്കി ഭരിച്ച് ആസ്വദിക്കുന്ന ജീവിതക്രമത്തിൽ അനുതാപം ഉണ്ടോ? ജീവിതത്തിൽ ജീവിക്കാൻ എല്ലാം ഉള്ളപ്പോൾ ആർ അനുതപിക്കും? ഇല്ലായ്മയുടെ അനുഭവം ലവലേശം ഇല്ലാത്തിടത്ത് അനുതാപത്തിന് സ്ഥാനം ഉണ്ടോ? തിർമിർപ്പും, ധാരാളിത്വവും, പണക്കൊഴുപ്പും അറിയാതെ കുന്നുകൂടുമ്പോൾ ആർക്ക് അനുതപിക്കാൻ കഴിയും? നമ്മുടെ ഒക്കെ ജീവിത പശ്ചാത്തലം ഒന്നു നിർമ്മലമായി ശോധന ചെയ്താൽ അനുതാപത്തിന്റെ ആത്മാവിൽ നിന്ന് അന്യമല്ലേ എന്നുള്ള ബോധ്യം കടന്നുവരില്ലേ? വിളിച്ചവനിൽ സ്വല്പംപോലും വിശ്വാസം ഇല്ലാതെ വെറും വേഷത്തിൽ, കർമ്മാനുഷ്ഠാനികളായി ജീവിച്ച്, 'ക്രിസ്തുവിന്റെ പേരിൽ' ആണ് സകലതും ചെയ്യുന്നത് എന്ന് നടിച്ച് ജീവിക്കുന്നവർക്ക് അനുതപിക്കാൻ കഴിയുമോ?

അനുതാപം ആത്മാവിന്റെ കണ്ണുനീരാണ് ഹൃദയം ഉള്ളവന്റെ ആത്മമിത്രം. ദൈവത്തെ ഹൃദയത്തിൽ പേറുന്നവൻ ദൈവത്തിന്റെ മുന്നിൽ തല കുനിക്കുന്നവൻ, ലോകത്തിന്റെ മുന്നിൽ വലിയവൻ എന്ന് ചിന്തിക്കാതെ ജീവിക്കുന്നവൻ, അധികാരത്തിന്റെ മുന്നിൽ ധിക്കാരി ആകാത്തവൻ, അനുതപിക്കുന്നവൻ വിളിച്ചവനോട് കൂടെ വസിക്കണം എന്നുള്ളിൽ ആഗ്രഹമുള്ളവനും ആ ആഗ്രഹം സ്വയം അടിയറ വയ്ക്കന്നതിലൂടെ സ്വർഗ്ഗീയ പിതാവിന്റെ മുന്നിൽ സമർപ്പിക്കുന്നവൻ അനുതാപി. പുരോഹിത ജീവിതത്തിന്റെ മർമ്മവും, സുഖവും അവൻ സ്വന്തമാക്കുന്നത് സ്വയം താഴ്ത്തുന്നതിലൂടെയാണ്. തന്റെ അഹത്തെ കഴുകി അനുതാപത്തിലൂടെ വെടിപ്പാക്കുന്നതിലൂടെയാണ്. പുരോഹിതന്മാരെപറ്റി ഇന്നത്തെ സമൂഹത്തിൽ പറയുന്ന സകല തിന്മകളുടെയും തിരസ്കാരത്തിന്റെയും മൂലകാരണം അവൻ ധിക്കാരി ആകുന്നതാണ്. അനുതപിച്ച് തിരിച്ചുവരാൻ മനസ്സു കാണിക്കാത്തവൻ ആകുന്നു എന്നതല്ലേ? ധൂർത്തപുത്രനിൽ കാണുന്ന വീഴ്ചകൾ അനുതപിച്ചതിലൂടെ

www.malankaralibrary.com

തന്നെ മാറോടു ചേർത്തു വയ്ക്കുന്ന ക്രിസ്തുവിന്റെ കരുണയുടേയും ആർദ്രതയുടേയും മുന്നിൽ എന്തേ പുരോഹിതന് തല കുനിക്കാൻ ഇത്ര പ്രയാസം? അഹത്തിന്റെ മുഷ്കും, അധികാരത്തിന്റെ വടിയും, ആരവത്തിന്റെ സ്വാധീനവും ഒരു കാലത്ത് അവസാനിക്കും എന്ന് തിരിച്ചറിയാത്തത് വലിയ അപരാധം അല്ലേ? അനുതാപം അത് ബലം തന്നെ. അനുതപിച്ച് തിരിച്ചു വന്നാൽ ക്രിസ്തു നമ്മെ സ്വീകരിക്കും. എത്ര പ്രാവശ്യം അനുതാപ കൂദാശ സ്വീകരിച്ചു എന്നതല്ല, അനുതാപ കൂദാശ കാപട്യം കൂടാതെ സമർപ്പിച്ചു എന്നതാണല്ലോ പരമപ്രധാനം. ആയതിനാൽ ആത്മാവിന്റെ ബലം ആയ അനുതാപം സ്വന്തം ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും ഫലം പുറപ്പെടുവിക്കുന്നതാകണം. അഹങ്കാരം അതിര് കടക്കുന്നു. വെല്ലുവിളി പൗരോഹിത്യമുദ്രയല്ല. താഴ്മയാണ് പുരോഹിതന്റെ മാർഗ്ഗം. താഴ്മയോടെയുള്ള പൂർണ്ണസമർപ്പണം തന്നെയാണ് അനുതാപം. അതിലൂടെ അവൻ ആത്മബലവും ആത്മസംതൃപ്തിയും മനഃസുഖവും സ്വന്തമാക്കി സംതൃപ്തനാകുന്നു.

**അനുദിന രക്തസാക്ഷി**

പുരോഹിതൻ രക്തസാക്ഷിയാണ്, സഭയിൽ രക്തസാക്ഷിത്വം സാധാരണയായി അംഗീകരിക്കപ്പെടുകയും, ആദരിക്കപ്പെടുകയും ചെയ്യുന്നത് ക്രിസ്തുവിനുവേണ്ടി, സഭയ്ക്കുവേണ്ടി, ക്രിസ്തു ദർശനത്തിനുവേണ്ടി ഒരാൾ രക്തം ചിന്തി മരണം വരിക്കുന്നതിലൂടെയാണ്. രക്തം ചിന്തി മരിക്കുന്നവൻ രക്തസാക്ഷി. വി.ജറോം പഠിപ്പിക്കുന്നതുപോലെ "കർത്താവിന് പ്രതിഷ്ഠിതമായ ആത്മാവിന്റെ ശരിയായ സേവനം അനുദിന രക്തസാക്ഷിത്വമാണ്....." നമ്മുടെ പുരോഹിത ജീവിതം, സമർപ്പിതജീവിതം അതിന്റെ ശരിയായ ദിശയിൽ മനസ്സിലാക്കുമ്പോൾ, ഉൾക്കൊള്ളുമ്പോൾ അത് സത്യമായും ഒരു അനുദിന രക്തസാക്ഷിത്വജീവിതം അല്ലേ? ഒരു പക്ഷേ നമുക്ക് മനസ്സിലാക്കാൻ കഴിയാത്തവിധം ആഴമായ സമർപ്പണവും അനന്യസാധാരണമായ വിശ്വാസവും ആ വിശ്വാസത്തെ സ്ഥിരീകരിക്കുന്ന ആത്മീയ ജീവിതവും സ്വന്തമായുള്ളവൻ ക്രിസ്തുവിന്റെ രക്തസാക്ഷിത്വജീവിതത്തിൽ അനുദിനം പങ്കുപറ്റുകയാണല്ലോ. രക്തസാക്ഷിത്വത്തെപറ്റി സഭയിലാണെങ്കിലും പൊതു സമൂഹത്തിലാണെങ്കിലും പണ്ടെങ്ങോ നടന്ന വിശ്വാസത്തിനുവേണ്ടിയുള്ള രക്തം ചിന്തലായിട്ടാണ് മനസ്സിലാക്കുക. ഓരോ ക്രിസ്ത്യാനിയ്ക്കും അനുദിനം ക്രിസ്തുവിന്റെ രക്തസാക്ഷിത്വ അനു

www.malankaralibrary.com

ഭവത്തിൽ പങ്കു പറ്റാനുള്ള ക്ഷണം ഉണ്ടെന്നുള്ള തിരിച്ചറിവ് തുലോം പരിമിതമാണ്. നാം ജീവിക്കുന്ന സാഹചര്യവും നാം കേൾക്കുന്ന സംഭവങ്ങളും, നാം ഉപയോഗിക്കുന്ന മാധ്യമങ്ങളും ഒക്കെ 'കുരിശാനുഭവദർശനങ്ങൾക്ക്' യാതൊരു പ്രാധാന്യവും നൽകുന്നതല്ലല്ലോ. ധാരാളിത്വത്തിന്റെയും, അടിച്ചുപൊളിച്ചുള്ള ജീവിതക്രമത്തിന്റെയും ഒക്കെ ലക്ഷ്യം ആസ്വദിക്കുക, സുഖിക്കുക എന്നൊക്കെയാണല്ലോ. സുഖിക്കുന്നിടത്ത് കുരിശ് ഇല്ലല്ലോ. കുരിശ് ഞെരുക്കമാണ്, വേദനയാണ് മനുഷ്യന് നൽകുക. ക്രൂശിതന്റെ സന്ദേശവും ജീവിതവും എപ്പോഴും വേദനയിലൂടെയും, ശൂന്യവൽക്കരണത്തിലൂടെയും ലക്ഷ്യം വയ്ക്കുന്ന ഒരു ദൈവിക ആത്മീയ നിർവൃതിയാണ്. കുരിശിനെപ്പറ്റി പറയുന്നവർ, ക്രൂശിതൻ കുരിശിലൂടെ നേടിയ ത്യാഗത്തിന്റെ, സമർപ്പണത്തിന്റെ ഔന്നത്യത്തെപ്പറ്റി പറയുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്നു. കുരിശ് വരയ്ക്കുന്നവർ പോലും കുറവാകുന്നു. പുരോഹിതൻ കുരിശിന് സാക്ഷ്യം നൽകേണ്ടവനാണ്.

ലോകത്തിന് ക്രൂശിതനുവേണ്ടി സാക്ഷിയാകാനുള്ള അടിസ്ഥാനധർമ്മം ആണ് പൗരോഹിത്യജീവിതം. അതിന്റെ സുഖം യഥാർത്ഥ അർത്ഥത്തിലും അനുഭവത്തിലും ഈ സത്യം മനസ്സിലാക്കുന്നവനും ജീവിക്കുന്നവനും മാത്രം ഉള്ളതാണ്. സുഖസൗകര്യങ്ങളപ്പറ്റി, ശാരീരിക സുസ്ഥിതിയെപ്പറ്റി മാത്രം ആകുചിത്തരായി അനുദിനം ജീവിക്കാനുള്ള വിളിയല്ല പൗരോഹിത്യസമർപ്പണ ജീവിതത്തിനുള്ളത്. വേദനയും ഞെരുക്കവും ഒക്കെ ജീവിതത്തിലുണ്ടാകാം. വിളി കേട്ട നാൾ മുതൽ വിളിച്ചവനിൽ എത്തിച്ചേരുന്നതുവരെ ശരീരത്തെപ്പറ്റി, സുഖജീവിതത്തെപ്പറ്റി മാത്രം ചിന്തിച്ച് ആയുസ് കളയേണ്ടവനല്ല പുരോഹിതൻ. വിളിച്ചവന് നമ്മുടെ ജീവിതത്തെപ്പറ്റി സമഗ്രമായ സംരക്ഷണം ഉണ്ട് എന്നത് സത്യമാണല്ലോ. ഉൾക്കൊണ്ടു നിൽക്കുന്ന സഭയും, അംഗമായിരിക്കുന്ന സമൂഹവും അംഗങ്ങൾക്കും സ്വസ്ഥതയെപ്പറ്റി വ്യക്തമായ ധാരണയും സമീപനവും കരുതലും ഉണ്ടല്ലോ. ഇതൊന്നും പോരാതെ ഇതിൽ ഒന്നും സംതൃപ്തനാവാതെ ഉള്ള ജീവിതക്രമവും ജീവിതവും ആകുലതയും ഒക്കെ കണ്ടാൻ താൻ ഒരിക്കലും വിളിച്ചവന്റെ കൂട്ടത്തിലുള്ളവനാണെന്ന് തോന്നുകയില്ല. ഏതായാലും ഈ കാര്യത്തിലുള്ള ബോധമില്ലായ്മ അനുദിജീവിതത്തിൽ അതിരു കടക്കുന്നു. സഭയെയും സമൂഹത്തെയും ആതുരാലയങ്ങളാക്കി ജീവിക്കാ

www.malankaralibrary.com

നല്ല, ജീവിതം മുഴുവൻ കുരിശിന്റെ മഹത്വമാഘോഷിച്ച് സംതൃപ്തി അടയുന്നതാണ് പൗരോഹിത്യജീവിതം.

പുരോഹിതൻ പൗരോഹിത്യത്തിലൂടെ കർത്താവിന്റെ പീഡാസഹനവും കുരിശുമരണവും, ഉത്ഥാനവും തന്റെ കരങ്ങൾ ഉയർത്തി ആഘോഷിക്കാൻ ക്ഷണിക്കപ്പെട്ടവൻ ആണല്ലോ. കുരിശിന്റെ മഹത്വം, കുരിശിലൂടെ രാവും പകലും നേടിയ ഉയർച്ച, കുരിശുമരണത്തിലൂടെ ക്രിസ്തു നൽകിയ ഉത്ഥാന അനുഭവം ഒക്കെ ഓരോ ദിനവും വി. കുർബാനയുടെ, അർപ്പണത്തിലൂടെ അനുസ്മരിക്കാൻ ഓരോ പുരോഹിതനും വിളിക്കപ്പെട്ടിരിക്കുന്നു. സ്വന്തം ജീവിതത്തിലൂടെ തന്റെ കുരിശുകളുടെ മാധുര്യം മറ്റുള്ളവർക്കും കൂടെ വസിക്കുന്നവർക്കും ബന്ധപ്പെടുന്നവർക്കും പ്രപഞ്ചത്തിനു തന്നെയും ആത്മബലിയായി സമർപ്പിക്കാനാണ് പുരോഹിതൻ ശ്രമിക്കേണ്ടത്. അതിലൂടെ വിശുദ്ധീകരിക്കപ്പെടുക, വിമലീകരിക്കപ്പെടുക താനും മറ്റുള്ളവരും ഈ ലോകവുമാണ്.

ഈ വിഷയത്തിൽ യാതൊരു നിഷ്ക്രിയത്വം വച്ചു പുലർത്തേണ്ടവനല്ല പുരോഹിതൻ. വാക്കിലും പ്രവർത്തിയിലും ചിന്തയിലും ആർക്കും ഒരു ദ്രോഹവും വരുത്താതിരിക്കാൻ ക്ഷണിക്കപ്പെട്ട പുരോഹിതൻ കുരിശിന്റെ മഹത്വം ആഘോഷിക്കുന്നതിൽ അനുദിനം പരാജയപ്പെടരുത്. "കർത്താവിന്റെ കുരിശിൽ മാത്രം അഭിമാനം" കൊള്ളാനുള്ള ഉൾവിളി സ്വീകരിച്ചവൻ സമഗ്രമായ ജീവിതത്തിൽ അനുദിന രക്തസാക്ഷി ആകാനുള്ള ആഹ്വാനത്തെ തിരസ്കരിക്കരുത്. താൻ പുരോഹിതനാകാൻ വിളിക്കപ്പെട്ടത് അനുദിനം കർമ്മങ്ങളിൽ ചിന്തകളിൽ ജീവിതത്തിൽ തന്നെ രക്തസാക്ഷിയാകാനുള്ളതാണെന്ന ബോധ്യം ബലപ്പെടണം. രക്തസാക്ഷിത്വം ഒന്നുമാത്രം പ്രത്യാശ നല്കും. കുരിശ് ഉത്ഥാനത്തിലേക്കുള്ള യാത്രയുടെ ഒളിമങ്ങാത്ത അനുഭവമാണ്. കുരിശു വഹിക്കാത്തവൻ ശിഷ്യനല്ല, കുരിശ് തിരസ്കരിക്കുന്നവൻ രക്തസാക്ഷയുമല്ല. അനുദിന രക്തസാക്ഷിത്വമാണ് പുരോഹിതന്റെ ആത്മമിത്രം.

നമ്മുടെ മൂന്ന് അനുജന്മാർ പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്നു. പൗരോഹിത്യത്തിന്റെ ചില അടിസ്ഥാന അനുഭവങ്ങളെപ്പറ്റിയുള്ള ഒരു ആനുകാലിക വിശകലനം ആണിത്. ആരെയും ദ്രോഹിക്കാനോ, ആരുടെയും ജീവിതത്തിന്റെ മറുവശത്തെ ഉയർത്തികാട്ടി ആഘോഷിക്കാനോ ഉള്ള ശ്രമമല്ല ലക്ഷ്യം. ക്രിസ്തുവിനാൽ രൂപപ്പെട്ട,

www.malankaralibrary.com

ക്രിസ്തു ലക്ഷ്യം വയ്ക്കുന്ന സുവിശേഷത്തിന്റെ വായനയിലും മനന ത്തിലും ചില പൗരോഹിത്യദർശനങ്ങൾ ആനുകാലികമായി വിശദീ കരിച്ചു എന്ന് മാത്രം. പിന്നിലുള്ള ലക്ഷ്യം ക്രിസ്തു ആഗ്രഹിക്കുന്ന, സഭ ആഗ്രഹിക്കുന്ന നമ്മുടെ ലോകം പ്രതീക്ഷിക്കുന്ന ഉന്നതമായ പൗരോഹിത്യ പാരമ്പര്യത്തിലേക്കും, സാക്ഷ്യത്തിലേക്കും തിരിയാ നുള്ള ക്ഷണം. നല്ലതെങ്കിൽ സ്വീകരിക്കാം. ഉപയുക്തമല്ലെങ്കിൽ തിര സ്കരിക്കാം. സ്വാതന്ത്ര്യം ആണല്ലോ നമ്മുടെ തുറുപ്പ് ചീട്ട്. സ്വാതന്ത്ര്യം സത്യത്തിലേക്കു നയിക്കട്ടെ. മൂന്ന് സഹോദരങ്ങൾക്ക് ഇപ്രകാരമുള്ള ഒരു പൗരോഹിത്യജീവിതവും, ശുശ്രൂഷയും, പ്രാർത്ഥനയും ആശം സിക്കുന്നു. ക്രിസ്തുവിനോടുകൂടി, സ്വർഗ്ഗരാജ്യത്തിനുവേണ്ടി, അനു തപിച്ച് അനുദിനം രക്തസാക്ഷികളാകുന്നതാണ് പുരോഹിത മർമ്മം. ■

**പുരോഹിതന്മാർക്ക് ബലിപീഠശുശ്രൂഷയിൽ**
**ശുഷ്കാന്തി കുറഞ്ഞാൽ അവർ**
**വിശുദ്ധ മന്ദിരത്തെ അവഗണിക്കുന്നു.**
**ബലി അർപ്പണത്തിൽ അനാസ്ഥ കാണിക്കുന്നു.**
**മറ്റു പരിപാടികളിൽ സംബന്ധിക്കാനും മത്സര**
**രംഗത്തേക്ക് കുതിക്കാനും പിതാക്കന്മാർ**
**വിലമതിച്ചതെല്ലാം അവർ പുച്ഛിച്ച് തള്ളുകയും**
**ഗ്രീക്കുകാർ ആദരിച്ചതെല്ലാം വിലമതിക്കാനും**
**തുടങ്ങും തന്മൂലം അവർ കൊടിയ വിപത്തിൽ**
**അകപ്പെട്ടു" (2 മക്ക 4-15-16).**
**ജീവിത സമ്പ്രദായങ്ങളുടെ ഉടമകൾ**
**(ലോക നിയമങ്ങൾക്ക് അടിമകളാകും)**
**ശത്രുക്കളായി തീർന്ന് അവരെ ശിക്ഷിക്കും.**
**അവർ ലോകത്തിന്റെ മുമ്പിൽ ലജ്ജിതരും**
**പരിഭ്രാന്തരുമാകും' (2 മക്ക 4,17, 2 ദിന 29:6-8)**

www.malankaralibrary.com

# ജനതതികൾക്ക് അനുഗ്രഹമാകുവാൻ....

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി

ഏതു തരത്തിലുള്ള വൈദികരെയാണ് ലോകത്തിന് ആവശ്യം എന്നു ചോദിച്ചാൽ എക്കാലവും ഒരുത്തരം മാത്രമായിരിക്കും ബഹുഭൂരി പക്ഷത്തിനും നൽകാനുള്ളത്. ആത്മീയ വ്യക്തിത്വങ്ങളെ പൗരോഹി ത്യത്തിലേക്കു പ്രവേശിക്കുക എന്നു പറയുമ്പോൾ അതിനാൽ അർത്ഥ മാക്കേണ്ടത് ആത്മീയനേതൃത്വശുശ്രൂഷയിലേക്ക് കടക്കുക എന്നാണ്.

ലോകത്തുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനകാരണം ആത്മീയവും ധാർമ്മികവുമായ തകർച്ചയാണ്. ബാഹ്യമായി പ്രത്യക്ഷപ്പെടുന്നവ ആത്മീയരോഗത്തിന്റെ അടയാളങ്ങളാണ്. പൗരോഹിത്യവിശുദ്ധി കാക്കുന്നവർ നേതൃത്വത്തിലേക്കു വരുമ്പോൾ മാത്രമേ സഭയിലും ലോകത്തിലും നവീകരണവും പുരോഗതിയും സാധ്യമാകൂ.

നല്ല വൈദികർക്കായി ലോകം കാത്തു നിൽക്കുകയാണ്. ഒരു കാലത്തും സ്ഥലത്തും അവരുടെ സാന്നിദ്ധ്യം അസംഗതമല്ലെന്നു മാത്ര മല്ല ഭൂമിയിൽ ഈശോയെ പ്രതിനിധീകരിക്കുന്നവരെന്ന നിലയിൽ പ്രതീ ക്ഷയുടെ പ്രതീകങ്ങളായിട്ടാണ് ലോകം അവരെ കാണുന്നത്. ഈ പ്രത്യാശ ദീപങ്ങൾ അണഞ്ഞുപോയാൽ പിന്നെ വിനാശമായിരിക്കും ഫലം.

പൗരോഹിത്യം ദൈവജനത്തെ വിശുദ്ധീകരിക്കുവാനായി നൽക പ്പെട്ടിരിക്കുന്ന നൽവരമാണ്. ജനത്തെ വിശുദ്ധീകരിക്കുംമുമ്പ് വൈദി കൻ സ്വയമേ വിശുദ്ധിയുടെ അഗ്നിസ്പർശം ഏൽക്കണം. വിശുദ്ധ സ്ഥലത്തു വ്യാപരിക്കുന്നവനും വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്ന വനുമായ പുരോഹിതൻ, അനാദികാലം മുതലുള്ള ദൈവത്തിന്റെ പദ്ധ തിയുടെ ഭാഗമായി തനിക്കു ലഭിച്ച പൗരോഹിത്യവിളിയെ ആദരവോടെ എന്നും വിലമതിക്കുന്നവനാകണം. സ്നാപകയോഹന്നാന്റെ രണ്ട് ശിഷ്യന്മാർ ഈശോയെ കണ്ടുമുട്ടിക്കഴിഞ്ഞശേഷം അവനോടൊത്തു വസിക്കുന്ന ഈ സംഭവം പറഞ്ഞശേഷം യോഹന്നാൻശ്ലീഹാ ഇങ്ങനെ കുറിക്കുന്നു. “അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു” (യോഹ 1:39). യേശുവുമായുള്ള ഒത്തുവാസത്തിനുശേഷം പല പതി

www.malankaralibrary.com

റ്റാണ്ടുകൾ കഴിഞ്ഞ് സുവിശേഷം എഴുതുമ്പോഴും യോഹന്നാൻ ആ സമയം മറക്കുന്നില്ല.

പൗരോഹിത്യ നൽവരങ്ങളുടെ വലിയ അഭിഷേകം ലഭിക്കാൻ പോകുന്ന സുദിനം കൊച്ചച്ചന്മാരുടെ മനസ്സിൽ എന്നും മഹനീയ ഓർമ്മ യായി നിലനിർത്തുക. ഏശയ്യായ്ക്ക് ദേവാലയത്തിൽവച്ചു ലഭിച്ച ദർശ ന്തിൽ (ഏശ 6:6) തീക്കനലിനെ കൊടിൽ ഉപയോഗിച്ച് പ്രവാചകന്റെ നാവിൽ സ്പർശിച്ച് അവനെ രൂപാന്തരപ്പെടുത്തുന്നു. അതിനു തൊട്ടു മുമ്പ് പ്രവാചകൻ പറയുന്നത്, "എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെ ന്നാൽ ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധര ങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്" (ഏശ 6:5) എന്നാണ്. എന്നാൽ അഗ്നിയഭിഷേകത്തിനുശേഷം, "ഇതാ ഞാൻ! എന്നെ അയ ച്ചാലും!" (ഏശ 6:8) എന്നു പറഞ്ഞുകൊണ്ട് ദൈവത്തിനായി തീക്ഷ്ണ തയോടെ പ്രവർത്തിക്കാൻ സന്നദ്ധനാവുകയാണ് ഏശയ്യാ പ്രവാചകൻ. ഇതാണ് അഭിഷേകത്തിന്റെ ശക്തി. അത് അണയാതെ കാക്കുക.

ദൈവത്തിന്റെ ഹൃദയത്തിലെ മറ്റൊരു ഏശയ്യായും യോഹന്നാ നുമൊക്കെയായി അയയ്ക്കപ്പെടുവാനായി വൈദികർ അഭിഷിക്തരാ വുകയാണ്. സഭ യേശുവിന്റേതാണ്, പൗരോഹിത്യവും അവിടു ത്തേതാണ്. യേശു തന്റെ 'രക്തത്താൽ വിലയ്ക്കു വാങ്ങിയ സഭയിൽ' ശുശ്രൂഷിക്കുവാൻ സവിശേഷമായി അവിടുന്നു തെരഞ്ഞെടുത്ത (യോഹ 15:16) പുരോഹിതർ അവിടുന്ന് തന്റെ സംരക്ഷണത്തിന്റെ കവചം തീർക്കും.

വ്യക്തിപരമായി നൽകപ്പെട്ട ഒരു കൃപയല്ല പൗരോഹിത്യം. അബ്ര ഹാത്തോടു ദൈവം പറഞ്ഞു: "നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും" (ഉല്പ 12:13). വിശാലമായ ഒരു ഭൂമിക പുരോ ഹിതർക്കായി ഒരുങ്ങി കിടപ്പുണ്ട്. പ്രാർത്ഥന, കൂദാശാനുഷ്ഠാനങ്ങൾ, സുവിശേഷപ്രഘോഷണം, പ്രബോധനം, സേവനപ്രവർത്തനങ്ങൾ ഇവ യിലൂടെയൊക്കെ അനേകരെ അനുഗ്രഹത്തിന്റെ വഴിയിലൂടെ ആനയി ക്കുവാൻ ദൈവം തന്റെ പുരോഹിതരെ നിയോഗിക്കുന്നു. ഈ വലിയ ദൈവനിയോഗം പൂർത്തീകരിക്കുവാൻ കൊച്ചച്ചന്മാർക്ക് ധാരാളമായ ദൈവകൃപ ലഭിക്കട്ടെ.

നവവൈദികർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും സ്നേഹ പൂർവ്വം നേരുന്നു. ■

www.malankaralibrary.com

# കാരുണ്യമാകാനുള്ള വിളി

**ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

പാപകലുഷിതമായ ജീവിത അവസ്ഥയിൽ ഉഴറിയ തന്റെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മാനവകുലത്തെ രക്ഷിക്കുന്നതിന് ദൈവം മനുഷ്യനായി. ചിന്തയ്ക്ക് അപ്രാപ്യവും യുക്തിക്ക് വിരസവുമായ ഈ നരജന്മത്തിന്റെ പേരാണ് കരുണ. ദൈവമായിരുന്നിട്ടും ദൈവസമാനതകൾ ഒന്നും നിലനിർത്താതെ തന്നെതന്നെ ശൂന്യനാക്കിയ ദൈവപുത്രന്റെ ഈ ശൂന്യവൽക്കരണമാണ് കരുണ. കാരണം സമാനതകൾ ഇല്ലാത്ത കാരുണ്യത്തിന്റെ ഉറവ ആയിരന്നു അവൻ. കൈകൂപ്പി കൺമുമ്പിൽ എത്തിയവരൊക്കെ ആ കാരുണ്യ നിന്ന് മതിവരുവോളം കുടിച്ച് തങ്ങളുടെ ആവശ്യദാഹം ശമിപ്പിക്കുന്നവരാണ്. മിത്രങ്ങൾക്ക് മാത്രമല്ല ശത്രുക്കൾക്കും അവിടുന്ന് തന്റെ കാരുണ്യം ചൊരിഞ്ഞു.

മരണത്തിന്റെ പടിവാതിൽക്കൽ യേശുവിന്റെ കാരുണ്യസ്പർശം അറിഞ്ഞ പാപിനിയായ സ്ത്രീയും, വലത്തുവശത്തെ കള്ളനും ഒക്കെ ആ കാരുണ്യത്തിന്റെ അതിരുകളില്ലാത്ത ഓർമപ്പെടുത്തലാണ്. മാത്രമല്ല, കാരിരുമ്പാണിയും, കഠോര പീഡനങ്ങളും, പരിഹാസത്തുപ്പലും, മുൾക്കിരീടവും നൽകിയിട്ടും പരിഭവങ്ങളൊന്നുമില്ലാതെ തന്റെ ശത്രുക്കളെ മാറോടണച്ച് പിതാവിന്റെ മുൻപിൽ അവർക്കായി അവൻ പ്രാർത്ഥിച്ചു. കരുണയുള്ള സ്വർഗ്ഗ പിതാവിന്റെ മകൻ കാരുണ്യം അല്ലാതെ മറ്റെന്താണ് സഹജരുമായി പങ്കുവയ്ക്കുക.

സ്വജീവനും, ശരീരരക്തങ്ങൾപോലും അവിടുന്ന് കരുണയോടെ മുറിച്ച് വിളമ്പുകയാണ്, അതാണല്ലോ കാരുണ്യത്തിന്റെ മൂർത്തീഭാവമായ കാരുണ്യബലി. ഈ കരുണാനിധിയായ ക്രിസ്തുവിന്റെ അനുയായികൾ ആയി, അനുദിനം ദിവ്യകാരുണ്യ ബലിയിലൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്ന നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് ഈ കരുണാ സൂര്യന്റെ രശ്മികളാകാനാണ്. നമ്മോടുള്ള ക്രിസ്തുവിന്റെ ആഹ്വാനവും അതു തന്നെയാണ് എന്റെ സ്വർഗ്ഗസ്ഥപിതാവ്. കരുണ ഉള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണ ഉള്ളവരാ

www.malankaralibrary.com

യിരിക്കുവിൻ. അതോടൊപ്പം തന്റെ ഗിരിപ്രഭാഷണത്തിലും അവിടുന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു, കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് കരുണ ലഭിക്കും. കാരുണ്യത്തിന്റെ ശിക്കാറും, ബഥാനിയായും, നായിനും, ശിമയോന്റെ മാളികയും ജായ്റോസിന്റെ ഭവനവുമൊക്കെ ഇതിന് ഉദാത്തമായ ഉദാഹരണങ്ങളാണ്.

കരുണതൻ അൾത്താരയിൽനിന്ന് ദിവ്യകാരുണ്യനാഥൻ നമ്മിലേക്ക് അലിഞ്ഞ് ചേരുന്നത് നമ്മുടെ കഠിന ഹൃദയങ്ങളെ കാരുണ്യസ്പർശമുള്ളവയാക്കി മാറ്റാനാണ്. അന്ധനു കാഴ്ചയാകുന്ന, വിശക്കുന്നവന് അപ്പമാകുന്ന, കരയുന്നവന്റെ കണ്ണീരൊപ്പുന്ന, തളർവാതിക്ക് താങ്ങാകുന്ന, ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനാകുന്ന, അശരണിതർക്ക് ആലംബം ഏകുന്ന, അനാഥർക്ക് ആശ്വാസമേകുന്ന ആ സാന്ത്വനം സാധ്യമാകുന്നില്ലെങ്കിൽ ദിവ്യകാരുണ്യ സ്വീകരണങ്ങൽ ഒന്നും നമുക്ക് അനുഭവവേദ്യമാകുകയില്ല, നമ്മുടെ ജീവിതങ്ങളെ സ്പർശിക്കുകയുമില്ല. ദൈവതിരുസന്നിധിയിൽ നിന്ന് കരുണ ആവോളം സ്വീകരിക്കുന്ന നാം സോദരനായ് അതു പങ്കുവയ്ക്കുന്നില്ലെങ്കിൽ നമ്മുടെ ഈ കൊച്ചു ജന്മങ്ങൾക്ക് അർത്ഥം നഷ്ടപ്പെട്ടു പോവുകയാണ്. കാരണം, കരുണയുള്ള പിതാവിനെപ്പോലെ കരുണ ഉള്ളവനായിരിക്കുവാനാണ് നമ്മുടെ വിളി. ബലിയേക്കാൾ ഏറെ കരുണ സ്വീകരിക്കുന്നവനാണ് ദൈവം.

പണ്ട് എവിടെയോ വായിച്ച ഒരു കഥ ഇപ്പോഴും മനസ്സിൽ നിറം മങ്ങാതെ നിൽക്കുന്നു. വളരെ തിരക്കേറിയ ഒരു റെയിൽവേ സ്റ്റേഷനിൽ ഒരു കുട്ട ആപ്പിളുമായി ഒരു അന്ധൻ ഇരിക്കുന്നു. ആ ആപ്പിളുകൽ വിറ്റാണ് നിത്യചിലവിനുള്ള മാർഗ്ഗം അദ്ദേഹം കണ്ടെത്തിയിരിക്കുന്നത്. വളരെ തിരക്കുള്ള ആ സ്റ്റേഷനിൽ കയറുന്ന ബഹളത്തിനിടയിൽ ആരോ ആ ആപ്പിൾകുട്ട തട്ടിതെറിപ്പിച്ച ട്രെയിനിലിരുന്ന് ഒരു യുവാവ് ഹൃദയഭേദകമായ ആ കാഴ്ച കണ്ടു ജനക്കൂട്ടത്തിനിടയിൽ തപ്പിതടഞ്ഞ് ചവിട്ടും, ഇടിയും ഏറ്റ് ആപ്പിളുകൾ തിരയുന്ന അന്ധനായ മനുഷ്യനായ മറ്റൊന്നും ആലോചിക്കാതെ പുറപ്പെടുവാൻ തടങ്ങുന്ന തീവണ്ടിയിൽനിന്നും ചാടി ഇറങ്ങി ആ യുവാവ് അന്ധനായ മനുഷ്യനെ സഹായിച്ചു. തന്റെ ട്രെയിൻ പോയെങ്കിലും ഒരു മനുഷ്യനെ സഹായിക്കാൻ കഴിഞ്ഞ ചാരുതാർത്ഥ്യത്തോടെ ആ യുവാവ് തിരിഞ്ഞു

www.malankaralibrary.com

നടക്കുവാൻ തുടങ്ങിയപ്പോൽ, അന്ധനായ മനുഷ്യൻ യുവാവിന്റെ കരങ്ങൾ തന്റെ മാറോടു ചേർത്ത് വച്ചുകൊണ്ട് ചോദിച്ചു "നീ ക്രിസ്തുവാണോ?" കനിവോടെ തന്റെ നേരേ നീട്ടിയ ആ കാരുണ്യ കരങ്ങളിൽ തന്റെ ഉൾക്കാഴ്ചയാൽ യേശുവിന്റെ മുഖം അന്ധനായ ആ മനുഷ്യൻ കാണുന്നു. ഈ സാഫല്യമാവുകയാണ് ആ യുവാവിന്റെ ജീവിതം. കാരണം അപരൻ അവനിൽ യേശുവിന്റെ മുഖവും കണ്ടിരിക്കുന്നു.

സോദരരെ ഇടനെഞ്ചിന്റെ താളത്തിൽ ജീവിതം ധ്യാനമാക്കുക, എന്തേ എന്നിൽ ആരും ഈശോയെ കാണാത്തത്? അതിന് ഉത്തരം ഒന്നേ ഉള്ളൂ സോദരാ.... എന്ന് നിന്റെ ഹൃദയം കാരുണ്യത്താൽ തുടിക്കുകയും, നിന്റെ കരങ്ങൾ കാരുണ്യത്തോടെ അപരനു മുമ്പിൽ നീട്ടുകയും ചെയ്യുന്നുവോ, അന്നു നീയും നിന്റെ സോദരന് ക്രിസ്തുവായി മാറും. അന്ന് നിന്റെ ജന്മസാഫല്യമായി മാറും. ജീവിത വഴിത്താരയിൽ തീരുമാനം നമ്മുടേതാണ്. ലാസറിന്റെ കഥയിലെ കഠിനഹൃദയനായ ആ ധനികനോ അല്ലെങ്കിൽ സമയവും, സമ്പത്തും എല്ലാം കാരുണ്യപൂർവ്വം അപരനുവേണ്ടി, ആവശ്യക്കാരനുവേണ്ടി തുറന്നുവയ്ക്കുന്ന ആ നല്ല സമരിയാക്കാരനോ ആയി നമുക്ക് മാറാം. പക്ഷേ ഹൃദയത്തിൽ ഒന്ന് ഓർക്കുക നിന്റെ തീരുമാനത്തിലധിഷ്ഠിതമാണ് നിന്റെ ന്യായവിധിയും.

അതിനാൽ കാരുണ്യത്താൽ നമ്മുടെ ഹൃദയവാതിലുകൾ തുറക്കാം, ഹൃദയങ്ങളെ സ്നേഹത്താൽ നിറയ്ക്കാം. കാൽവരിയുടെ മുകൾപ്പരപ്പിൽ നിന്ന് ഭൂമിയുടെ വിരിമാറിലേക്ക് ഒഴുകിയ ഈശോ ആകുന്ന ആ ദിവ്യകാരുണ്യ നദിയുടെ ചെറു ചാലുകളായി നമുക്ക് മാറാം. ഇതല്ലേ ക്രൈസ്തവജീവിതം.

"മിഴികൾ നനയുമ്പോൾ
അർഹത ഇല്ലാഞ്ഞിട്ടും
കരം നീട്ടി താങ്ങുന്ന
ദിവ്യകാരുണ്യമേ
ദൈവമേ നിനക്ക്
ഒരായിരം നന്ദി"

■

www.malankaralibrary.com

# ബഥനി എത്യോപ്യയിൽ

ഫാ. ഷൈജു മാത്യു മേപ്പുറത്ത് ഒ.ഐ.സി.

ആഫ്രിക്കൻ ഉപഭൂഖണ്ഡത്തിലെ എത്യോപ്യയിൽ ഞങ്ങളുടെ സഹോദര വൈദികർ സേവനം ചെയ്യാൻ തുടങ്ങിയിട്ടു പത്തു വർഷമാകുന്നു. യുവാക്കന്മാരായ വൈദികരാണവർ. അവർ നാട്ടിലെത്തുമ്പോൾ അവരുടെ ശരീരം ക്ഷീണിച്ചിരിക്കുന്നതു കാണുന്നുണ്ട്. മുഖം കരുവാളിച്ചിരിക്കുന്നു. നിറത്തിൽ പോലും അവർ ആ ജനത്തോടു സമരസപ്പെട്ടിട്ടുണ്ട്. എല്ലാവരും മലേറിയ, ടൈഫോയ്ഡ് പോലുള്ള രോഗങ്ങൾ ഒരിക്കലെങ്കിലും തരണം ചെയ്തവരാണ്. നാട്ടിലെ ആഘോഷങ്ങളിൽ നിന്നും വ്യക്തിബന്ധങ്ങളിൽ നിന്നും അവരിലേക്കുള്ള ചരടുകൾ അഴിഞ്ഞില്ലാതാകുന്നത് ആർദ്ര മിഴികളോടെ തിരിച്ചറിയുന്നവരാണവർ.

എത്യോപ്യയിലേക്കു നമ്മുടെ വൈദികരെ ക്ഷണിച്ചു കൊണ്ടുപോയത് അവിടുത്തെ മെത്രാന്മാരാണ്. ബഥനി സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സാണ് വഴി കാട്ടിയായത്. 'ആഡിസ് അബ്ബാബ' എന്ന തലസ്ഥാന നഗരിയുടെ അതിർത്തി വരെയേ ഗവൺമെന്റ് റോഡ് ഉള്ളൂ. ഇവർ ജോലി ചെയ്യുന്നത് അവിടെനിന്നും 400 ഉം 500 ഉം കിലോമീറ്ററുകൾ താണ്ടിയാണ്. കുട്ടികളുടെ പ്രധാന ജോലി വെള്ളം കൊണ്ടുവരികയാണ്. അതിനാൽ കൂടുതൽ കുട്ടികളും പഠിക്കുന്നില്ല. മുതിർന്നവരിൽ പലർക്കും മന്ത് രോഗമുണ്ട്. വെള്ളം കുറവുള്ളതുകൊണ്ടാവും പറയത്തക്ക കൃഷിയൊന്നുമില്ല. പ്രകൃതിയോട് മല്ലിട്ടു പരാജയമടഞ്ഞതുകൊണ്ടാവാം അവർ പൊതുവെ മടിപിടിച്ചിരിപ്പാണ്. നാട്ടിലെപോലെ രാഷ്ട്രീയക്കാരോ ചാനലുകാരോ ഇല്ല. കുറെ മനുഷ്യ ജന്മങ്ങൾ ശ്വാസം നിലയ്ക്കുന്നതുവരെ കഴിഞ്ഞുകൂടുന്നു.

ഇങ്ങനെയുള്ള എത്യോപ്യയിലേക്കാണ് ഞങ്ങളുടെ സുഹൃത്തുക്കൾ എത്തിയത്. പത്തുവർഷം കഴിഞ്ഞപ്പോൾ അവർ താമസിക്കുന്നതിന് ചുറ്റും ജീവൻ പടർന്നു പന്തലിക്കുന്നു. അവർ ആദ്യം കിണർ കുഴിക്കുകയാണ് ചെയ്തത്. അവർ തന്നെയാണ് ഭൂമിവെട്ടി ജലാംശത്തെ മുകളിലേക്കെത്തിച്ചത്. പിന്നീട് അവർ വഴി വെട്ടി. തൊഴി

www.malankaralibrary.com

ലുറപ്പുള്ള ആ ചെറുപ്പക്കാർ കായികാധ്വാനം ചെയ്തു. വല്ലപ്പോഴുമെത്തിയ മഴയെ കിണററിൽ ശേഖരിച്ചു. ചെറിയ ചെറിയ കൃഷികൾ ആരംഭിച്ചു. പതിയെ ആളുകളും കൂടെകൂടാൻ തയ്യാറായി. ഭാഷ അറിവ് അല്ല, ജീവിതമാണെന്ന് ഇരുവർക്കും ബോധ്യമായി. അതുകൊണ്ട്, ഭാഷ പ്രശ്നമല്ലെന്നു പറഞ്ഞ് അച്ചന്മാർ ചിരിച്ചു. ആളുകൾക്കുവേണ്ടി കഴുതകളെ വാങ്ങി. വെള്ളം ചുമന്നുകൊണ്ടുവരുന്ന ഭാരം കുഞ്ഞുങ്ങളുടെ ചുമതലിൽ നിന്നൊഴിവാക്കി. അവരെ, ഒരു സ്കൂൾ തുറന്ന് അറിവിലേക്ക് ക്ഷണിച്ചു. അവർ പത്തുവർഷത്തിനിടെ ഡിസ്പെൻസറിയും പള്ളിയും പള്ളിക്കൂടവും തുറന്നു. യുവജനത്തിനു തൊഴിൽ പരിശീലനം നൽകി. സഹായം ലഭിക്കാവുന്നിടത്തെല്ലാം അഭിമാനം വകവയ്ക്കാതെ അവർ കൈ നീട്ടി. നാട്ടിൽ നിന്നും പോകുമ്പോൾ അവരുടെ പെട്ടി നിറയെ ഒരു വർഷത്തേക്കുള്ള പലഹാരപൊതിയല്ല. കുഞ്ഞുങ്ങൾക്കുള്ള വസ്ത്രങ്ങളാണ്. നാട്ടിലെ സ്കൂളുകളിൽ നിന്നും മറ്റും സംഭരിച്ചവ. ഗ്രാമത്തിലെ എല്ലാവർക്കും ഒത്തുകൂടാനുള്ള പൊതു ഇടമാണ് പള്ളി. പള്ളിമണിയാണ് നാടിന്റെ ഘടികാരം.

കായികാധ്വാനത്തിന്റെ പത്തു വർഷങ്ങൾ കഴിയുമ്പോൾ ഞങ്ങളുടെ സുന്ദര കുട്ടപ്പൻമാരായ വൈദികർ അവരുടെ യൗവനം ദാനം ചെയ്തു ജരാനരകൾ ഏറ്റുവാങ്ങിയിരിക്കുന്നു അവർ പക്ഷേ സന്തോഷവാന്മാരാണ്.

ഒരു കാര്യം എനിക്കറിയാം. ബിരുദ പഠന സമയത്ത് കേരള ചരിത്രം പഠിച്ചതുകൊണ്ട് ഇപ്പോഴത്തെ ഒരു കേരളത്തെ ഞാൻ എത്യോപ്യയിൽ കാണുന്നു. ആ നാട് വളരുന്നതനുസരിച്ച് അവിടെ സ്വാർത്ഥ രാഷ്ട്രീയവും വളരും. ആദ്യമൊക്കെ അച്ചന്മാരുടെ പ്രവർത്തനത്തെ സ്നേഹിക്കുന്നവർ ഭരിക്കും. പിന്നെ ഇവരൊക്കെ വരുത്തന്മാരാണെന്നു പറയുന്നവർ. ഇപ്പോഴവർക്കു മതം പ്രശ്നമല്ല, പക്ഷെ അപ്പോൾ അത് പ്രശ്നമാകും. പള്ളിമണി അലോസരമാകും. പള്ളി പണിതത് ഞങ്ങളുടെ കുടുംബ സ്വത്തുകൊണ്ട് മാത്രമാണെന്നും, അച്ചന്മാരും മെത്രാന്മാരും ഞങ്ങളുടെ കാശ് പിടുങ്ങുന്ന കള്ളന്മാരാണെന്നു പറയും. പ്രൈവറ്റ് കൊള്ളക്കാരാണെന്നു പറഞ്ഞ് നിങ്ങളുടെ വിദ്യാലയങ്ങളെ അവർ അധിക്ഷേപിക്കും. നിയമനിർമ്മാണം നടത്തി നിർത്തലാക്കും. ഞങ്ങൾ വൈദികർ സൗകര്യം കുറഞ്ഞുപോയെന്നും എന്റെ ശമ്പളം എനിക്ക് തരുന്നില്ല എന്നും പറഞ്ഞു ചാനലുകളെ സമീപിക്കും. പ്രസാധകർ നമുക്കായി പുസ്തകങ്ങളെഴുതി വിറ്റു കൊഴുക്കും.

www.malankaralibrary.com

ഒരുനാൾ നാട്ടിലെല്ലാം വെളിച്ചം നിറയുമ്പോൾ അവർ നിങ്ങളുടെ ദീപങ്ങളെ തള്ളിപ്പറയും. തങ്ങൾ മാത്രമാണ് വെളിച്ചത്തിന്റെ ഉറവിടങ്ങളെന്നു ചാനലുകളിലിരുന്നു ചർച്ച ചെയ്യും. അവരുടെ നേതാക്കന്മാർ അവരെ സമരങ്ങളിലേക്കു നയിക്കും. തങ്ങളാണ് നവോത്ഥാനം കൊണ്ടുവന്നതെന്ന് ആർത്തു പറയും. വിശപ്പിന് ആഹാരമില്ലാത്തപ്പോഴും, നാട്ടിലൊന്നും കൃഷിയില്ലാത്തപ്പോഴും നമുക്ക് ഇങ്ങനെ ചർച്ച ചെയ്യാനാവില്ല. നിശബ്ദമായി ഒരു ജനതക്കുവേണ്ടി നിങ്ങൾ ചെയ്തതൊന്നും വാർത്തയാവില്ല.

നല്ല ആരോഗ്യത്തോടെ ഇരിക്കുമ്പോൾ "എന്താ കുഞ്ഞേ ഒന്നും കഴിക്കുന്നില്ലേ?...... അല്ലെങ്കിൽ തന്നെ വായ്ക്ക് രുചിയുള്ളതെന്തേലും തരാൻ ആരാ ഉള്ളത്...." എന്ന് ആധി വിതറുന്ന അമ്മമാർ. ഇവർ അവധിക്കു വീട്ടിലെത്തുമ്പോൾ കരുവാളിച്ച അവരുടെ മുഖത്തേക്കു നോക്കി സങ്കടം കടിച്ചമർത്താൻ പാടുപെടുന്നത് എനിക്കൂഹിക്കാനാകും. വീട്ടിൽ നിന്നും അകന്നുപോയ ആങ്ങളയെ നോക്കി പെങ്ങന്മാർ വിതുമ്പി നിൽക്കും.

നിങ്ങളും മടങ്ങി വരേണ്ടിവരും. പക്ഷേ നിങ്ങളാണ് ശരി. നിങ്ങൾ വിതച്ച പ്രകാശമൊന്നും കണ്ടെത്താനാവാത്ത തരത്തിൽ ആഴത്തിൽ താഴ്ന്നുപോയാലും ഒരു ജനത ഉയർന്നു നിൽക്കും. അവിടെ ജീവിതം തഴച്ചുവളരും. അകാല വാർധക്യത്തിൽ നിങ്ങൾ ആശ്രമങ്ങളിലിരുന്നു വിദൂരത്തേക്ക് നോക്കുമ്പോൾ നിങ്ങളുടെ കണ്ണുകൾക്ക് മുൻപിൽ സ്വർഗം വിടരുമെന്ന് ഞങ്ങൾക്കുറപ്പാണ്. അപ്പോൾ നിങ്ങളോടൊപ്പമിരിക്കാൻ കഴിഞ്ഞാൽ ഭാഗ്യമാണ്. ■

**"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുകയും ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.**

**(മത്തായി 28:20)**

www.malankaralibrary.com

# ബഥനിയിലേക്ക് സ്വാഗതം



**Vocation Promoter**
Bethany Navajeevan Provincial Ashram
Nalanchira P.O.,
Thiruvananthapuram- 695 015
Tel: 0471 - 2543799
Mob: 9061081428
E-mail: pnavajeevan@gmail.com

**Vocation Promoter**
Bethany Navajyothy Provincial Ashram
Desom P.O., Aluva - 683 102.
Tel: 0484-2605360, 2603464
Mob: 7598468503
E-mail: bnjyothy@gmail.com
Website: www.bethanynavajyothi.org

---

**Order of the Imitation of Christ**
Bethany Ashram Generalate,
Vadavathoor P.O., Kottayam -
686010, Kerala, India